
ഗുരുജയന്തിപ്പതിപ്പ്

# ഗുരുകുലം

ദാർശനികമാസിക





Sri. Balakrishna Pillai, Member of the Executive Council of I. N. A. Association inaugurates the collection of funds for installing a statue of Netaji Subhash Chandra Bose in Trivandrum, by accepting a donation from Dr. J. RADHAKRISHNAN (B.Sc., M.B.B.S., M.Ac.A (Sing), O.M & B.Ac.A. (London), Acupuncture Specialist and proprietor of the **J. R. HOSPITAL, VARKALA.** This will be the first statue of Netaji ever to be installed in Kerala.

Edited, printed and published by Muni Narayana Prasad
Narayana Gurukula, Srinivasapuram P.O.
Trivandrum Dt. Kerala, India 695 145.
Printed at Mangala Press, Varkala.

# ഗുരുകുലം ദാർശനിക മാസിക

നാരായണഗുരുകുലത്തിന്റെ
മുഖപത്രം

ഗുരുജയന്തിപ്പതിപ്പ്

1981 സെപ്റ്റംബർ, ഒക്ടോബർ    വാല്യം 18    ലക്കം 6, 7


---

| ഉള്ളടക്കം | | പേജ് |
|---|---|---|
| പത്രാധിപക്കുറിപ്പ് | — | 217 |
| ഗുരുവിന്റെ മഹത്വം | —നടരാജഗുരു | 225 |
| പാമ്പാട്ടി ശിത്തർ പാടൽ | — | 237 |
| മതവും സംസ്കാരവും | —ശ്രീ സത്യാനന്ദ സ്വാമികൾ | 241 |
| ദർശനം | —മൈത്രേയൻ | 259 |
| ഓർമ്മകളിൽ | —കമാൽ വെള്ളിമാട്ടുകുന്ന് | 263 |
| അദ്വൈതദീപിക —വ്യാഖ്യാ: | —നിത്യചൈതന്യയതി | 265 |
| സ്വർണ്ണക്കുരങ്ങ് | —മുനി | 279 |
| ദർശനം | —സുനീന്ദ്രകുമാർ | 281 |
| ധ്യാനവിഷയം | — | 289 |
| ഗുരുകുലവാർത്തകൾ | — | 291 |
| മിഴിനീർക്കടൽ | —സൗമിത്രൻ | 293 |

മുഖചിത്രം: ധ്യാനവിഷയം

(289-ാം പേജ് നോക്കുക)

ചിത്രരചന – മധു

# OUR ADVERTISERS

1. Janatha Printers, Varkala
2. Thushara Musics, Varkala
3. Partha & Sarathi, Cine Houses, Quilon
4. Lyna Studio, Varkala
5. P. Thankappan Thampi, Chalai, Trivandrum
6. R. K. Medicals, Varkala
7. Volga Tailors, Trivandrum
8. Crown Bakery, Quilon
9. Sreedevi Soap Works, Varkala
10. Dr. K. Sukumaran, Bhoothakulam, Quilon
11. Travancore Plywood Industries, Punalur
12. Dhanalakshmi Bank Ltd, Trichur
13. Deepa Prabha Coffee Stall, Varkala
14. State Bank of Travancore, H.O., Trivandrum
15. Gopa Studio, Varkala
16. Hotel Narthaki, Varkala
17. Gopal Motors, Quilon
18. Regal Tile Works, Quilon
19. Elite Fabrics, Trichur
20. Nazee Bakery & Cool Bar, Kallambalam
21. Sree Narayana Mandiram, Trivandrum-11
22. Town Hotel, Trivandrum-1
23. Saugar College, Varkala
24. Chellam Stores, Trivandrum
25. S. R. & Vimala Cine Houses, Varkala
26. P. M. K. & Sons, Quilon-1
27. Metro Engg. Works, Quilon
28. V. Sambasivan, Quilon
29. Vijaya Studio, Varkala
30. Lakshmi Tile Works, Parippally
31. Essar Productions, Varkala
32. Hotel Sha w-International, Quilon

33. Ananda Stores, Varkala
34. Travancore Potteries–Tiles, Quilon
35. Sreemoolini Vaidyasala, Varkala
36. M/s Bees, Varkala
37. K. V. Saw Mills, Parippally
38. Karuna Cashew, Quilon–4
39. Gift House, Varkala
40. Ram's Nursing & Maternity Home, Quilon
41. Western Tailors, Trivandrum
42. Swamiji Clinic, Chirayinkil
43' Sudarsana Saw Mills, Varkala
44. I. S. International, Varkala
45. S. R. Auto Industries, Varkala
46. Kottakkal Arya Vaidyasala Branch, Trivandrum
47. Hotel Karthika & Rohini, Quilon
48. S.N Institute of Commerce, Trivandrum–17
49. Ajanta & Simla Bakers, Varkala
50. Farm Information Bureau, Kerala Govt.
51. Kerala State Lotteries
52. Federal Bank Ltd., Alwaye
53. Babu Electricals, Kallambalam
54. Asoka store, Palachira
55. Muthodam Auto Centre, Quilon
56. P.K.R. Tyres, Varkala
57. Public Relations Dept, Kerala State
58. Anila Siddha Vaidyasala, Varkala
59. Attingal Nursing Home, Attingal
60. S.R.M Textiles, Kallambalam
61. Madhava Pharmaceutical Laborataries, Eranakulam
62. Rangoon Tailors, Trivandrum
63. Popular Stores, Kottayam
64. SNT Coll ege, Trivandrum
65. Gopalan & Sons Parippally
66. SNV Ayurvedic Hospital, Attingal
67. SKV Ayurveda Vaidyasala, Attingal
68. Hari Welding Industry, Attingal
69. Cochin Bakery, Eranakulam

70. Western Medical Stores, Quilon
71. Hotel Cannimera, Trivandrum
72. Boy's Bakers, Varkala
73. Sadananda Pharmacy, Varkala
74. Santhosh Electronics, Varkala
75. DAVP
76. Premier Restaurant, Quilon
77. Kerala Nut Food Co., Quilon
78. S. V. Products, Irinjalakuda
79. Mathevan Medical Stores, Trivandrum
80. Sai Fashion Centre, Attingal
81. Hotel Mrishtanna, Quilon
82. Hotel Sudarsan, Quilon
83. Kerala Kaumudi Ltd., Trivandrum
84. J.R. Hospital, Varkala
85. Kerala State Warehousing Corporation

ഈ ഗുരുജയന്തിപ്പതിപ്പു് വളരെ പരിമിതമായ സമയത്തിനുള്ളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനു സഹായിച്ച എല്ലാവരോടും, പരസ്യങ്ങൾ നൽകി സഹായിച്ച സ്ഥാപനങ്ങളോടും പത്രാധിപർക്കും ഗുരുകുലാന്തേവാസികൾക്കുമുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിക്കാൻ സദയം അനുവദിക്കുക.

മുനി നാരായണപ്രസാദ്
പത്രാധിപർ.

കെട്ടിട നിർമ്മാണത്തിനാവശ്യമായ കമ്പി, സിമൻറു്, പെയിൻറു് എന്നിവക്കു്:

**GOPALAN & SONS**

**CEMENT STOCKISTS & HARDWARE MERCHANTS**

PARIPPALLY P. O.

Gram: PEEGE    Phone: 23

പത്രാധിപക്കുറിപ്പ്

# ഐൻസ്റ്റൈനും നാരായണഗുരുവും

ജഗദ് ഗുരുക്കന്മാരുടെ ചിന്തയെ വിലയിരുത്തുക അതാതു കാലത്തു് ചിന്തയ്ക്കുണ്ടായിട്ടുള്ള വികാസത്തിൻെറ വെളിച്ചത്തിലായിരിക്കും. ശാസ്ത്രവും ചിന്തയും എത്ര വികസിച്ചാലും ഗുരുക്കന്മാരുടെ അരുളപ്പാടുകൾ പ്രസക്തിയുള്ളതായിത്തന്നെ അവശേഷിക്കും. കാരണം, ചിന്തകൾക്കും ശാസ്ത്രങ്ങൾക്കും കാരണഭൂതമായിരിക്കുന്ന അറിവിൻെറ പൂർണ്ണിമയാണു് ആ വചനങ്ങളിൽ നിറഞ്ഞു നില്ക്കുന്നതു്. ഈ തത്ത്വം മനസ്സിലാക്കാതെ, ഗുരുവാണികളെ വിലയിരുത്തുന്നതു് നമ്മെ അബദ്ധത്തിൽ കൊണ്ടു ചാടിക്കും.

ഈ പ്രപഞ്ചത്തെ സംബന്ധിച്ചുള്ള ധാരണയെത്തന്നെ തിരുത്തിക്കുറിച്ച ഒരു കണ്ടുപിടിത്തമായിരുന്നു ഐൻസ്റ്റൈൻെറ ആപേക്ഷികസിദ്ധാന്തം അഥവാ 'തിയറി ഓഫ് റിലേററിവിററി'. ഈ സിദ്ധാന്തത്തിലെ മർമ്മപ്രധാനമായ ഒരംശമാണു് ഭൗതികവസ്തു അഥവാ 'മാററർ' ഊർജ്ജം (എനർജി) തന്നെയാണെന്നുള്ള തത്ത്വം. $E = mc^2$ എന്ന സുപ്രസിദ്ധമായ സൂത്രവാക്യത്തിലൂടെ മാററും എനർജിയും തമ്മിലുള്ള അഭേദത ഐൻസ്റ്റൈൻ സ്ഥാപിച്ചു എന്നു മാത്രമല്ല, അതു് ഭൂഗോളത്തെ മുഴുവൻ വിഴുങ്ങാൻ കെല്പുള്ള അണുബോംബുകളുടെ രൂപത്തിൽ മൂർത്തരൂപം പ്രാപിക്കുകയും ചെയ്തു. മാററും എനർജിയും തമ്മിലുള്ള ഈ അഭേദത തന്നെയാണു് ലോകഗുരുക്കന്മാരും നാരായണഗുരുവും കണ്ട അദ്വൈതം എന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം. എന്നാൽ ഇവ തമ്മിലുള്ള മൗലികമായ വ്യത്യാസം കണക്കിലെടുക്കുമ്പോൾ ഈ ധാരണ തെററാണെന്നും, അതിൻെറ അടിസ്ഥാനത്തിൽ ഗുരുവിൻെറ വാക്കുകളെ വ്യാഖ്യാനിക്കുന്നതു് ഒരു പ്രമാദമാണെന്നും വ്യക്തമാകും.

മാററും എനർജിയും തമ്മിലുള്ള അഭേദതയും അദ്വൈതവും തമ്മിലുള്ള ഏററവും പ്രധാനപ്പെട്ട വ്യത്യാസം ഇതാണു്: ജീവിതത്തെ വിശകലനം ചെയ്തു നോക്കുമ്പോൾ അതിൽ ഉള്ളടങ്ങിയിരിക്കുന്നതായി കാണപ്പെടുന്ന രണ്ടു പ്രതിഭാസങ്ങളാണു് ചിത്തും ജഡവും. ഈ ചിത്തിനെയോ ജഡത്തെയോ സത്യമായി നാരായണ

ഗുരു കാണുന്നില്ല. അദ്വയമായ സത്യത്തെ, ഗുരു ദർശിക്കുന്നതു്, "ആ സ്ഥാനം ചിത്തും അല്ല ജഡവും അല്ല, സത്തും അല്ല അസത്തും അല്ല, സുഖദുഃഖാദികളായ ദ്വന്ദ്വങ്ങൾ ഒന്നുമല്ല. ഇങ്ങിനെ അനിർവചനീയമായിരിക്കുന്ന ഇതിൽ നിന്നു് സൃഷ്ട്യാദികൾ നടന്നും കൊണ്ടിരിക്കുന്നതുതന്നെ അത്യാശ്ചര്യം. ഇതിന്റെ മാഹാത്മ്യം അല്പബോധികളായ ആത്മാക്കൾ എന്തറിയുന്നു!" എന്ന തരത്തിലാണു്. ചിത്തിനെയും ജഡത്തെയും പററി ഗുരു ചിന്തിക്കുമ്പോൾ ചിത്തിനെ ജഡമാക്കി മാററാമെന്നോ ജഡത്തെ ചിത്താക്കി മാററാമെന്നോ കരുതുന്നില്ല. നേരേമറിച്ച് രണ്ടു പ്രതീതികളും ഉളവാകുന്നതു് "സകലം പെറുമാദിബീജമാകു"ന്ന അറിവിൽത്തന്നെയാണെന്നു് ഗുരു കണ്ടു.

എന്നാൽ ആധുനിക ഭൗതികശാസ്ത്രത്തിലെ, മാററർ എനർജി തന്നെയാണെന്നുള്ള സിദ്ധാന്തം, വേദാന്തത്തിൽ പറയുന്ന ജഡത്തിന്റെ തലത്തിൽ മാത്രം പ്രസക്തിയുള്ളതാണു്. വാസ്തവത്തിൽ ജഡത്തിന്റെ രണ്ടു രൂപങ്ങൾ മാത്രമാണു് മാററും എനർജിയും. ഇന്ദ്രിയഗോചരതയുടെ സ്വഭാവത്തിൽ മാത്രമേ ഇവ തമ്മിൽ വ്യത്യാസമുള്ളു. മാറററിനു പിണ്ഡം ഉള്ളതുപോലെതന്നെ എനർജിക്കും പിണ്ഡം ഉണ്ടെന്നു് കണ്ടെത്തിയിട്ടുണ്ടു്. എന്നാൽ നാരായണഗുരു പറയുന്ന ചിത്തിനു് ജഡത്തിന്റെ ഇപ്പറഞ്ഞ സ്വഭാവങ്ങളില്ല. 'മതിതൊട്ടു മണംമുതലഞ്ചുമുണർന്നു് അരുളോളവുമുള്ളതു ചിന്മയമാം' എന്നാണു് ഗുരു ചിത്തിനെ നിർവചിക്കുന്നതു്. ബുദ്ധിക്കോ കാഴ്ചക്കോ കേൾവിക്കോ ഒക്കെ പിണ്ഡമുണ്ടോ എന്നു് അന്വേഷിക്കുന്നതു് എത്ര അപ്രസക്തമാണു്!

ഐൻസ്റ്റൈന്റെ ആപേക്ഷിക സിദ്ധാന്തപ്രകാരം, $E = mc^2$ എന്ന ഒരു സൂത്രവാക്യംകൊണ്ടു് മാറററിനെയും എനർജിയെയും സമീകരിക്കുന്നു. എന്നാൽ നാരായണഗുരു പറയുന്ന ചിത്തും ജഡവുമാകട്ടെ, ആത്മാവിൽത്തന്നെ നിഹിതമായിരിക്കുന്ന "അനാദിതമസ്സ്വഭാവ"ത്താൽ പ്രദീതമാകുന്ന "ഇരുപിരിവു"കൾ മാത്രമാണു്. "രണ്ടും പ്രതീതം" തന്നെയാണു്. അതിനെത്തന്നെ അഹന്തയായും ഇദന്തയായും മറെറാരു സന്ദർഭത്തിൽ ഗുരു കാണുന്നു. ഐൻസ്റ്റൈന്റെ സിദ്ധാന്തമാകട്ടെ, ഇദന്തയുടെ തലത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നതാണു്. അഹന്തയെ അഥവാ അറിയുന്നവനെ

അതു് കണക്കിലെടുക്കുന്നില്ല. അറിയുന്നവൻ ആപേക്ഷിക സിദ്ധാന്തത്തിനു പുറത്താണു്. വൈദ്യശാസ്ത്ര വിദ്യാർത്ഥികൾ ഒരു ശവശരീരത്തെ കീറിമുറിച്ചു നോക്കി ശരീരഘടനയെപ്പററി പഠിക്കുന്നതുപോലെ, പ്രപഞ്ചത്തെ കീറിമുറിച്ചു അതിൻെറ ഘടന മനസ്സിലാക്കുന്നതിനുള്ള ശ്രമം മാത്രമാണതു്. അങ്ങനെ പഠിക്കുമ്പോഴും പഠിക്കുന്നവൻ പഠനവിഷയമാകുന്നില്ല. പഠിക്കുന്നവനെയും പഠനവിഷയത്തെയും പഠന സന്ദർഭത്തിൻെറ രണ്ടു മുഖങ്ങളായി ദർശിച്ചുകൊണ്ടു സത്യത്തെ ആകവേ അറിയുന്നതാണു് നാരായണ ഗുരു അവതരിപ്പിച്ച അദ്വൈതവേദാന്തം.

അറിയുന്നവനും പഠനമണ്ഡലത്തിനുപുറത്തല്ലാത്തതുകൊണ്ടു് അറിയുന്നവൻെറ ലക്ഷ്യബോധത്തിനു് വേദാന്തചിന്തയിൽ തുല്യസ്ഥാനമുണ്ടു്. ''ആകവേയറിഞ്ഞാലവനതിരററ സുഖം ഭവിച്ചിടുന്നു'' എന്നു ഗുരു പറയുമ്പോൾ ജീവിതത്തിൻെറ ലക്ഷ്യപ്രാപ്തിയുടെ സാക്ഷാത്കാരം അതിൽ കാണുന്നു. എന്നാൽ അത്തരത്തിലുള്ള ലക്ഷ്യബോധം ഇല്ലാത്ത ഒരു സിദ്ധാന്തമായതുകൊണ്ടാണു് ഐൻസ്റ്റൈൻെറ കണ്ടുപിടിത്തം തന്നെ മനുഷ്യവംശത്തെ സംഹരിക്കാൻ കഴിയുന്ന അണുബോംബുകൾ ഉണ്ടാക്കുന്നതിനുള്ള ഉപകരണമായിത്തീരാനിടയായതു്. ഭാരതത്തിലെ ആദ്ധ്യാത്മിക സിദ്ധാന്തങ്ങളെയും തെററായി വ്യാഖ്യാനിച്ചു് ജാതിവ്യത്യാസം തുടങ്ങിയ സാമൂഹ്യതിന്മകൾക്കു് ഉപകരണങ്ങളാക്കിയിട്ടുണ്ടു് എന്നതു മറക്കുന്നില്ല. എന്നാൽ അതു് സത്യപ്രസ്താവത്തെ തെററായിവ്യാഖ്യാനിച്ചതിൻെറ ഫലമാണു്. അണുബോംബിൻെറ നിർമ്മാണമാകട്ടെ, മാററർ = എനർജി എന്ന സമവാക്യത്തെ ശരിയായിത്തന്നെ മനസ്സിലാക്കിക്കൊണ്ടു് നന്മതിന്മകൾക്കു സ്ഥാനം നല്കാതെ തെററായ രീതിയിൽ പ്രയോഗിക്കുകയാണു ചെയ്തതു് എന്ന വ്യത്യാസമുണ്ടു്. ഒന്നിലെ തെററു് നേരറിയാത്തതും, മറേറതിലെ തെററു് നേരറിഞ്ഞിട്ടു് തെററായി പ്രയോഗിക്കുന്നതും ആണു്. അറിയുന്നവനു കൂടി സ്ഥാനം നല്കുന്ന ചിന്താതലത്തിൽ മാത്രമേ നന്മതിന്മകൾക്കു സ്ഥാനമുള്ളൂ.

പ്രപഞ്ചരഹസ്യത്തെ സംബന്ധിച്ചു് ചില സിദ്ധാന്തങ്ങൾ ഐൻസ്റ്റൈൻ ആവിഷ്കരിച്ചു. ആ സിദ്ധാന്തങ്ങളിൽ എത്തിച്ചേ

ന്താകട്ടെ, ഈ പ്രപഞ്ചത്തിൽ ഒരിക്കലും പ്രയോഗിച്ചു നോക്കാനാവാത്ത ചില സാങ്കല്പിക പരീക്ഷണങ്ങളെ അടിസ്ഥാനപ്പെട്ടതിയും. ഈ സിദ്ധാന്തങ്ങളുടെ നിജസ്ഥിതിയിൽ എല്ലാവരും വിശ്വസിക്കുന്നതു് 'കാര്യം ഒക്കുന്നുണ്ടു്' എന്നതുകൊണ്ടു മാത്രമാണു്. എന്നാൽ ഈ സിദ്ധാന്തങ്ങളിൽ ഐൻസ്റ്റൈനു തന്നെ വിശ്വാസമുണ്ടായിരുന്നോ എന്നു ചോദിച്ചാൽ കിട്ടുന്ന ഉത്തരം രസാവഹമാണു്. താൻ കണ്ടെത്തിയ സിദ്ധാന്തങ്ങളുടെ നിജസ്ഥിതിയെക്കുറിച്ചു് ഐൻസ്റ്റൈൻ തന്നെ നടത്തിയിട്ടുള്ള അഭിപ്രായം ഏതാണ്ടു് ഇങ്ങനെയാണു്:

ഈ പ്രപഞ്ചം, തുറന്നുനോക്കാൻ നിവൃത്തിയില്ലാത്ത ഒരു വാച്ചുപോലെയാണു്. ആ വാച്ച് പ്രവർത്തിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ വേണ്ടി നാം അതിനു വെളിയിൽ നിന്നുകൊണ്ടു് അതിന്റെ ആന്തരിക ഘടനയ്ക്കു് ഒരു സാങ്കല്പികരൂപം നല്കുകയാണു്. അതാണു് നാം കണ്ടെത്തുന്ന സിദ്ധാന്തങ്ങൾ. ഈ സിദ്ധാന്തങ്ങൾ പ്രകാരം നടക്കേണ്ടതുപോലെ തന്നെയാണു് പ്രപഞ്ചത്തിൽ കാര്യങ്ങൾ നടക്കുന്നതായി കാണുന്നതു്. എന്നാൽ പ്രപഞ്ചത്തിന്റെ മെക്കാനിസം നാം കണ്ടെത്തിയ തരത്തിലുള്ളതു തന്നെയാണോ എന്നു തീരുമാനിക്കാൻ നിവൃത്തിയില്ല. കാരണം, തുറന്നു നോക്കാനൊക്കാത്ത വാച്ചാണതു്. ഇനി ഒരുകാലത്തു് ഒരു തീരുമാനത്തിൽ ആരെങ്കിലും എത്താനും പോകുന്നില്ല. അതിനാൽ, നമ്മുടെ സങ്കല്പത്തിലുള്ള സിദ്ധാന്തപ്രകാരം ഇപ്പോൾ നമ്മുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ള പ്രപഞ്ചപ്രതിഭാസങ്ങളെ വിശദീകരിക്കാൻ സാധിക്കുന്നുണ്ടു് എന്നല്ലാതെ, അതു തന്നെയാണു് പ്രപഞ്ചരഹസ്യം എന്നു് അവകാശപ്പെടാൻ നിവൃത്തിയില്ല. എന്നാൽ നാരായണഗുരു,

"ജഡമമരുന്നതുപോലെ ചിത്തിലും ചി-
ത്തുടലിലുമിങ്ങിതിനാലിതോർക്കിലേകം." എന്നും
"ജ്ഞാനികൾ സത്തുലകു ചിത്തു സുഖസ്വരൂപ-
മാനന്ദമല്ലറുതമജ്ഞനിതപ്രകാശം." എന്നും പറഞ്ഞു.

അദ്വൈതരഹസ്യം അവതരിപ്പിക്കുമ്പോഴും,

''ആനന്ദക്കടൽ പൊങ്ങി–
ത്താനേ പായുന്നിതാ പരന്നൊരുപോൽ
ജ്ഞാനംകൊണ്ടിതിലേറി–
പ്പാനം ചെയ്യുന്നു പരമഹംസജനം.''

എന്നു് തൻെറ, ആനന്ദാത്മകമായ ജ്ഞാനാനുഭൂതിയെ അവതരിപ്പിക്കുമ്പോഴും നാം കാണുന്നതു് ഐൻസ്റ്റൈനു് ഉണ്ടായിരുന്നതുമാതിരിയുള്ള വികല്പമല്ല.

പിണ്ഡം ഊർജ്ജം തന്നെയാണെന്നു സിദ്ധാന്തിക്കുന്ന വിശിഷ്ട ആപേക്ഷിക സിദ്ധാന്തിനുശേഷം (Special Theory of Relativity) ഐൻസ്റ്റൈൻ അതിൻെറ പരിമിതികൾ മനസ്സിലാക്കുകയും, എല്ലാ നിർദ്ദേശതന്ത്രങ്ങൾക്കും ഒരു പോലെ പ്രസക്തമായ വ്യാപക ആപേക്ഷിക സിദ്ധാന്തം (General Theory of Ralativity) ആവിഷ്കരിക്കുകയും ചെയ്തു. ഗുരുത്വാകർഷണത്തെ കൂടി (Gravitation) കണക്കിലെടുത്തു കൊണ്ടുള്ളതാണു് ഈ സിദ്ധാന്തം. ആപേക്ഷികസിദ്ധാന്തം ഇങ്ങനെ വ്യാപകമായ രൂപം പൂണ്ടപ്പോൾ അതിൻെറ സ്വരൂപത്തിൻെറ സ്വാഭവത്തിനും മൗലികമായ വ്യത്യാസം വന്നു. ഈ സിദ്ധാന്തത്തെ ഐൻസ്റ്റൈൻ ശരിയാണെന്നു തെളിയിച്ചുകാണിച്ചില്ലെങ്കിലും അവ്യാഖ്യേയമായിരുന്ന ചില പ്രപഞ്ച പ്രതിഭാസങ്ങളെ വ്യാഖ്യാനിക്കാൻ അതു ഉപകരിച്ചു എന്നുള്ളതു കൊണ്ടു് അതിനെ സത്യമായി എല്ലാവരും കണക്കാക്കി. ഈ വ്യാപക ആപേക്ഷിക സിദ്ധാന്ത പ്രകാരം മാററർ (ഭൗതികവസ്തു) എന്നു പറയുന്നതു് കാലദേശസാതത്യകത്തിൽ (time space continuum) ഉണ്ടാകുന്ന ഒരു വളവു മാത്രമാണു്. ഐൻസ്റ്റൈൻെറ വാക്കുകളിൽത്തന്നെ പറഞ്ഞാൽ, ''ഗുരുത്വക്ഷേത്രമെന്നോ (gravitational field) ഭൗതികവസ്തുവെന്നോ (matter) ഒന്നില്ല.'' അവയെല്ലാം സങ്കല്പസൃഷ്ടികൾ മാത്രമാണു്. ഗുരുത്വാകർഷണം എന്നൊന്നുമില്ല. ത്വരണം (Acceleration) തന്നെയാണു് ഗുരുത്വാകർഷണം. ത്വരണം ചലനം തന്നെയാണു്. 'മാററർ' എന്നൊന്നില്ല. മാററർ എന്നു പറയുന്നതു് കാലദേശസാതത്യകത്തിനുണ്ടാകുന്ന വളവു് മാത്രമാണു്. എനർജി എന്നൊന്നും ഇല്ല. 'എനർജി' മാററർ തന്നെയാണല്ലോ. എനർജി = മാററർ = കാലദേശസാതത്യകത്തിലെ വളവു്.

ഐൻസ്റ്റൈൻെറ ചിന്തയും വേദാന്തചിന്തയും തമ്മിൽ ഏററവും അടുത്തുവരുന്നതും ഇവിടെയാണെന്നു പറയാം. എന്നാൽ ഭൗതികവസ്തുവിനെയും ഊർജ്ജത്തെയും ഒരുപോലെ നിരാകരിക്കുന്ന വ്യാപക ആപേക്ഷികസിദ്ധാന്തം വിശിഷ്ട ആപേക്ഷികസിദ്ധാന്തത്തിൻെറ പ്രസക്തിയെത്തന്നെ ഛേദ്യം ചെയ്യുന്നതായും ഐൻസ്റ്റൈൻ കണ്ടു. ഈ രണ്ടു സിദ്ധാന്തങ്ങൾക്കും ഒരേ സമയം സ്ഥാനം നൽകത്തക്ക ഒരു 'യൂണിഫൈഡ് ഫീൽഡ് തീയറി' (ഏകീകൃത ക്ഷേത്രസിദ്ധാന്തം) അദ്ദേഹം ഭാവനയിൽ കണ്ടെങ്കിലും അതിനു രൂപം നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇവിടെ ഐൻസ്റ്റൈൻ ഒരു ദ്വൈതഭാവത്തിൻെറ ഊരാക്കുടുക്കിൽ പെട്ടു വിഷമിക്കുമ്പോൾ അതിന്നതീതനായിയിരിന്നുകൊണ്ടു്, "പണ്ഡിതൻതൻ പരമരഹസ്യമിതാരു പാർത്തിടുന്നു" എന്നു പറഞ്ഞുകൊണ്ടു്, ദ്വൈതഭേദങ്ങളെല്ലാം അറിവിൽ അഭേദമായടങ്ങുമെന്നും, "ഇതെല്ലാവരുമറിവീലതിഗോപനീയമാകും" എന്നും, ഉള്ള ദൃഢബോധത്തോടുകൂടി, ഹനനവും ജനനവുമെല്ലാം വെറുംചിത്പ്രഭാവമാണെന്നു ദർശിച്ചുകൊണ്ടു്, മനുഷ്യൻ തൻെറ ജീവിതത്തിൻെറ എല്ലാതലങ്ങളെയും ഈ ചിത്പ്രഭാവമായി കാണണമെന്ന നിർബന്ധബുദ്ധിയോടുകൂടി, അതേസമയം തൻെറ നടുനിലയിൽ നിന്നും നിലയിളകാതെ, ഗുരു വർത്തിച്ചു. ഇന്നും വർത്തിക്കുന്നു.

പ്രപഞ്ചരഹസ്യത്തെ സംബന്ധിച്ചുള്ള സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ പ്രപഞ്ചപ്രതിഭാസങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ അറിയാതെ തന്നെ നാം ഒരു തെററിൽ ചെന്നുപെടുന്നുണ്ടു്. യുക്തിപൂർവകമായ ചിന്തയാണല്ലോ നമ്മെ ഓരോ സിദ്ധാന്തത്തിൽ കൊണ്ടെത്തിക്കുന്നതു്. മനസ്സു് അതിൻെറ കഴിവിൻെറ പരിമിതികൾക്കകത്തു നിന്നുകൊണ്ടാണു് ഇങ്ങനെ ചിന്തിക്കുന്നതും സിദ്ധാന്തങ്ങൾക്കു രൂപം നല്കുന്നതും. ഇങ്ങനെ സിദ്ധാന്തങ്ങൾക്കു രൂപം നല്കിക്കഴിഞ്ഞാൽ സ്വപ്നംപോലെ കല്പിതമായ ആ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിലായിരിക്കും നാം, ഇന്നതിന്നതൊക്കെ സത്യമാണെന്നും ഇന്നതിന്നതൊക്കെ അസത്യമാണെന്നും തീരുമാനിക്കുക. അങ്ങനെ തീരുമാനിക്കുമ്പോഴും നമുക്കു നിശ്ചയമില്ല, നമ്മുടെ സങ്കല്പത്തിലുള്ള സിദ്ധാന്തപ്രകാരംതന്നെയാണോ വാസ്തവത്തിൽ കാര്യ

ങ്ങൾ നടക്കുന്നതെന്നു്. വാസ്തവത്തിലുള്ള ലോകത്തിന്റെ തലയിൽ നമ്മുടെ സങ്കല്പത്തിലുള്ള വ്യാഖ്യാനത്തെ കെട്ടിവെയ്ക്കുകയാണു് നാം അപ്പോൾ ചെയ്യുന്നതെന്നു് ഓർക്കുന്നതേയില്ല. ഈ പ്രക്രിയ നീണ്ടുപോവുകയാണു്. എല്ലാക്കാര്യങ്ങളിലും സിദ്ധാന്തങ്ങൾ ഫലിക്കുകയില്ല എന്നു തീർച്ച വരുകയും, സത്യത്തെ സംബന്ധിച്ചുണ്ടായിരുന്ന നമ്മുടെ ധാരണയെ സംശയിക്കുകയും ചെയ്യുന്ന ഒരു ഘട്ടം എത്തുമ്പോൾ ഏകദേശം ഇങ്ങനെയായിരിക്കും ആലോചിക്കുക:

“ഇതു ശരിയല്ലല്ലോ. സംഭവിക്കേണ്ടതു് പോലെയല്ല സംഭവിക്കുന്നതു്. ഇതെന്തുകൊണ്ടെന്നു കണ്ടുപിടിക്കാൻ ഞാൻ എന്തു മാത്രം ശ്രമിച്ചു! ന്യായപ്രകാരം സംഭവിക്കേണ്ടതെന്തു് എന്നുള്ള ധാരണയുടെ വെളിച്ചത്തിൽ എന്റെ ചിന്തയെ എത്ര വലിച്ചു നീട്ടിയിട്ടും സാധിക്കുന്നില്ലല്ലോ. ഇപ്പോഴിതാ ബുദ്ധി വന്നു് മുട്ടി നില്ക്കുന്നു. എങ്ങനെയായിരുന്നു സംഭവിക്കേണ്ടതെന്നു് എനിക്കുണ്ടായിരുന്ന ധാരണ വാസ്തവത്തിലുള്ള ലോകത്തിൽ നിന്നും ഉണ്ടായതല്ല, എന്റെ ഭാവനയിൽ രൂപം കൊണ്ടതു മാത്രമാണു്, എന്നു് ഇപ്പോൾ സമ്മതിക്കാതെ തരമില്ല.”

ഇതു യന്നെയാണു്, മാററർ = എനർജി എന്ന ഒരു സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ പ്രപഞ്ചത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിലെയും ദോഷം.

നാരായണഗുരു ഒരു സിദ്ധാന്തത്തിന്റെയും വാദത്തിന്റെയും ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നില്ല. സത്യത്തെ നിഷേധിക്കുകയും ചെയ്തില്ല. വാദങ്ങളുടെ പരിമിതികളിൽ സ്വയം തളച്ചിട്ടുന്നവരെ സംബന്ധിച്ചു് ഗുരു, ശിവനോടുള്ള ഒരു പ്രാർത്ഥനയുടെ രൂപത്തിൽ പറഞ്ഞതു് ഇങ്ങനെയാണു്:

പതിയെന്നറിയാതെൻ–
പതിയേ നിന്നെത്തിരഞ്ഞു പലരുമിതാ!
മതികെട്ടൊന്നിലുമില്ലാ–
തതിവാദം കൊണ്ടൊഴിഞ്ഞു പോകുന്നു.

ഇങ്ങനെ അതിവാദം കൊണ്ടു സത്യത്തിൽ നിന്നു് ഒഴിഞ്ഞു പോകാതെ, സത്യം ദർശിക്കുകയും, ആ സത്യദർശനപന്ഥാവു്

ലോകത്തിനു വ്യക്തമാക്കിക്കൊടുക്കുകയും, യഥാർത്ഥ ജീവിതത്തെ അതിന്റെ പ്രകടഭാവമാക്കിത്തീർക്കേണ്ടതെങ്ങനെയെന്നു് സ്വജീവിതത്തിലൂടെ കാണിച്ചുതരുകയും ഗുരു ചെയ്തു. ആ സത്യാന്വേഷണ മാർഗ്ഗമാണു് നമ്മെ നയിക്കേണ്ടതു്. ഓരോ ഗുരുജയന്തിയും അതിനുള്ള പ്രചോദനമാണു് നമുക്കു തരേണ്ടതു്. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, സാമുദായിക താല്പര്യങ്ങൾ, ശാസ്ത്രസിദ്ധാന്തങ്ങൾ, പലതരം ഇസങ്ങൾ, എന്നിവയൊക്കെ 'എന്നെ സ്വീകരിച്ചാൽ നിങ്ങൾക്കു് പന്തിയിൽ ഒന്നാംസ്ഥാനം കിട്ടും' എന്നുള്ള പ്രലോഭനങ്ങളുമായി നമ്മുടെ ചുററിനും ഉണ്ടു്. ഇവയുടെ കെണിയിൽ പെടാതെ സർവതന്ത്രസ്വതന്ത്രരായ മനുഷ്യരായി ജീവിക്കാനുള്ള പ്രചോദനമാണു് നാരായണഗുരു നല്കിയതു്.

ചതയദിനാശംസകൾ!

## "തുഷാരാ മ്യൂസിക്സ്"

മൈതാനം വർക്കല

അന്വേഷണങ്ങൾക്കു്:

സുരേഷ് & സുരേഷ്
Room No. 106,
ജാസ്മിൻ ടൂറിസ്റ്റ് ഹോം,
വർക്കല.

ഫോൺ: 404

ചതയദിനാശംസകൾ!

## ജനതാ പ്രിന്റേഴ്സ്

മൈതാനം, വർക്കല.

എല്ലാവിധ അച്ചടിജോലികളും കൃത്യമായും ഭംഗിയായും ചെയ്തുകൊടുക്കുന്നു.

പ്രൊ: ജി. സൈരന്ധ്രി

# ഗുരുവിൻെറ മഹത്വം

## നടരാജഗുരു

ഗുരുക്കന്മാർ ത്യാഗികളാണ്. സമൂഹത്തിൽ നിന്നു് സ്വയം നാടുകടത്തപ്പെട്ടിട്ട് ഒററപ്പെട്ടു കഴിയാനാണ് അവർ ഇഷ്ടപ്പെടുന്നതു്. സമൂഹത്തിൻെറ വരുതിക്കു അവർ വഴങ്ങുകയില്ല. അതേ സമയം സമൂഹത്തിനു ഗുണം ചെയ്യുന്ന കാര്യങ്ങൾ ഉപദേശിച്ചുകൊടുക്കുകയും അവ പരീക്ഷിച്ചു നോക്കുകയുമാണ് ഗുരുക്കന്മാരുടെ പ്രയാസമേറിയ സ്വധർമ്മം. ഗുരുക്കന്മാർ ഈ സ്വധർമ്മം നിർവഹിച്ചില്ലെങ്കിൽ പ്രമാണികമായ ഒരു മാർഗ്ഗനിർദ്ദേശവും ഇല്ലാതെ സമൂഹം അതിൻെറ വഴിക്ക് ഒഴുകിപ്പോകും. സാമൂഹ്യഘടകങ്ങൾ കൂടുതൽ കൂടുതൽ സോപാധികതയിലേക്കു വഴുതിയിറങ്ങാനും അവയുടെ വളർച്ച നിലച്ചു പോകാനും അതു ഇടയാക്കും. ഏതു സമൂഹത്തിൻെറയും ആദ്ധ്യാത്മികവും ധാർമ്മികവുമായ നിലവാരം ഉദ്ധരിക്കുന്നതിനും ഒഴുക്കില്ലാതെ കെട്ടിക്കിടന്നേക്കാവുന്ന ചെളിക്കുണ്ടിനെ പുതിയ വെള്ളമൊഴിച്ചു കഴുകി ഒഴുക്കിവിടുന്നതിനും സഹായിക്കുന്ന മുഖ്യ പ്രേരകശക്തി ഗുരുക്കന്മാരുടെ സ്വധീനമാണ്.

പുരാതന കാലം മുതൽ തന്നെ ഭാരതഭൂമിയിൽ ഗുരുക്കന്മാരുടെ ഒരു നീണ്ട പരമ്പര ഉണ്ടായിരുന്നിട്ടുണ്ട്. സുസ്ഥാപിതമായ മതസമ്പ്രദായങ്ങളുടെ മേലദ്ധ്യക്ഷന്മാരുടെയും നേതാക്കന്മാരുടെയും പദവിയോട് ഈ ഗുരുക്കന്മാരുടെ പദവിയെ കൂട്ടിക്കുഴയ്ക്കാൻ പാടില്ല. സാധാരണക്കാരായ ആളുകളുടെ പൂർവാർജ്ജിതമായ ജ്ഞാനസമ്പത്തിൻെറ പ്രതിനിധികളാണവർ. ചരിത്രഗതിയിൽ ഈ ജ്ഞാനസമ്പത്തു് കൂടെ കൂടെ പഴഞ്ചരക്കായിത്തീരാറുണ്ട്. അങ്ങനെ ജീവിതത്തിൽ ഈ ജ്ഞാനസമ്പത്തിൻെറ ശോഷണം പ്രകടമാകുമ്പോഴാണ് ഗുരുക്കന്മാർ രംഗത്തു കടന്നു വ

**With the Best Compliments**

From

# TRAVANCORE PLYWOOD INDUSTRIES LTD.,

PUNALUR.

★

(A Kerala Government Undertaking)

Mfrs. of: COMMERCIAL PLYWOOD, FLUSH DOORS, BLOCK BOARDS, DECORATIVE VENEERS, CHEQUERED PLYWOOD ETC.

GRAMS: "PLYWOOD" Phone No. 7

---

കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത
ഉറപ്പുവരുത്താൻ ഒരു ഉത്തമ മാർഗ്ഗം.

# ധനം ഫാമിലി ബജററ് പ്ലാൻ

മാസതവണകളായി നിങ്ങൾ അടക്കുന്ന തുക നിശ്ചിത കാലാവധിക്കു ശേഷം വർദ്ധിച്ച തോതിൽ നിങ്ങളുടെ സാമ്പത്തികാവശ്യങ്ങൾക്കു് ഉതകുമാറു് തിരിച്ചു ലഭിക്കുന്നു.

# ധനലക്ഷ്മി ബാങ്ക് ലിമിററഡ്

(ഷെഡ്യൂൾഡ് ബാങ്ക്)

രജി. ഓഫീസ് — തൃശ്ശൂർ

രുന്നതും, ആ ജ്ഞാനസമ്പത്തിന്റെ സ്വരൂപത്തിനും ഭാഷയ്ക്കും ശൈലിക്കും ഒക്കെ യോഗാത്മകമായ ഒരു മൂല്യനവീകരണം നടത്തി അതിനു പുതു ജീവൻ നല്കുന്നതും. അങ്ങനെ പുതു ജീവൻ ലഭിച്ച ജ്ഞാനസമ്പത്തു, പുതിയ കുപ്പിയിലെ പഴയ വീഞ്ഞു പോലെ, ജീവിതത്തിനും ചിന്തയ്ക്കും പുതിയ ഉണർവ്വ് നല്കി വീണ്ടും തുടരും. ഗുരുക്കന്മാരുടെ ഇത്തരത്തിലുള്ള സ്വധർമ്മ നിർവഹണം അതി സൂക്ഷ്മമാണ്; വിനീതവുമാണ്: എന്നാൽ അത്ഥവത്തും മഹത്തരവുമാണ്.

## ഭാരതത്തിലെ ഗുരുമാതൃകകൾ

ഭാരതത്തിൽ ബൃഹസ്പതിയുടെയും ദക്ഷിണാമൂർത്തിയുടെയും കാലം മുതൽ തന്നെ ഗുരുത്വത്തിന്റെ ഉത്തമമാതൃകകൾ ഉണ്ടായിരുന്നു. ജനങ്ങളെ ഭ്രാന്തു പിടിപ്പിക്കുന്നതരം തെരക്കു പിടിച്ച ജീവത വ്യാപാരങ്ങളുടെയും ഹീനമായ മത്സരങ്ങളുടെയും ലോകത്തിൽ നിന്നു വിട്ടൊഴിഞ്ഞ് വനാന്തരങ്ങളിലെ പർണ്ണശാലകളിലോ ഒററപ്പെട്ട പ്രദേശങ്ങളിലോ ആണ് ഈ സർവതന്ത്രസ്വതന്ത്രർ ജീവിക്കുന്നതു്. മരച്ചുവട്ടിൽ വന്യമൃഗങ്ങളാലും വളർത്തു മൃഗങ്ങളാലും ചൂഴപ്പെട്ട് ധ്യാനലീനനായിരിക്കുന്ന യോഗിയുടെ രൂപം മോഹൻജദാരോയിൽ നിന്നു കണ്ടെടുത്ത മുദ്രകളിൽപ്പോലും കാണാം. സഹസ്രാബ്ദങ്ങൾക്കു ശേഷം അതേ ചിത്രം തന്നെ സുപ്രസിദ്ധമായ ദക്ഷിണാമൂർത്തി സ്തോത്രത്തിൽ ശങ്കരാചാര്യർ ആവർത്തിച്ചു വർണ്ണിച്ചിരിക്കുന്നു. അതിങ്ങനെയാണ്:

ചിത്രം വടതരോർ മൂലേ
വൃദ്ധാഃ ശിഷ്യാഃ ഗുരുർയുവാ
ഗുരോസ്തു മൗനം വ്യാഖ്യാനം
ശിഷ്യാസ്തു ഛിന്നസംശയഃ!

(വടവൃക്ഷത്തിന്റെ ചുവട്ടിൽ കാണുന്ന അത്യത്ഭുതകരമായ ചിത്രം— വൃദ്ധന്മാരായ ശിഷ്യന്മാരും യുവാവായ ഗുരുവും. ഗുരു മൗനരൂപത്തിലാണ് വ്യാഖ്യാനം നടത്തുന്നതു്. ശിഷ്യന്മാരാകട്ടെ ഛിന്നസംശയന്മാരായിത്തീരുന്നു.)

മതസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനത്തിലിരിക്കുന്നവർക്കും ഈ ചിത്രത്തിൽ കണ്ട ഗുരുവിനും തമ്മിൽ സാമ്യമില്ല. പരിപൂർണ്ണ

## CHATHAYAM GREETINGS!

# PARTHA & SARATHI

## CINE HOUSES

A/c

QUILON-4

Res: 4468

Impex: 4209

മായ സ്വാതന്ത്ര്യവും ആശ്രിതത്വമില്ലായ്മയുമാണ് മരച്ചുവട്ടിലുള്ള ആ ഗുരുവിന്റെ ജീവിതത്തിലുള്ളത്. ഏതെങ്കിലും മതസമ്പ്രദായത്തിന്റെ ധർമ്മാനുശാസനത്തിന്റെ പാരുഷ്യത്തിനു് വഴിപ്പെട്ട് തന്റെ സ്വതന്ത്രതയെ ബലികഴിക്കാനോ, നികച്ചും നീതിപൂർവകമല്ലാത്ത മതതാല്പര്യങ്ങളുടെ കറ തന്റെ കൈയ്യിൽ പുരളാനോ ഒരു ഗുരുവും ഇഷ്ടപ്പെടുന്നില്ല. മതങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ക്രൂരമായ മതദ്രോഹവിചാരണാസഭകളും രക്തരൂക്ഷിതമായ കുരിശുയുദ്ധങ്ങളും കൊണ്ട് പങ്കിലമാണ് അവയെന്നു കാണാം. എന്നാൽ ഗുരുക്കന്മാരുടെ ജീവിതത്തെ ഇങ്ങനെയൊരു ദോഷം തീണ്ടുകപോലും ചെയ്യുന്നില്ല. ശാസ്ത്രജ്ഞനെ കൊലത്തൂണിൽ കെട്ടി ചുട്ടുകൊല്ലുക, (ഉദാ: ഗലീലിയോ), നിരപരാധിയായ ഒരു പെൺകൊടിയെ കമ്പോളസ്ഥലത്തുവച്ചു അഗ്നിക്കിരയാക്കുക (ഉദാ: ജോൻ ഓഫ് ആർക്, വിക്ടർ യൂഗോയുടെ 'നോത്തർദാമിലെ കൂനൻ' എന്ന നോവലിലെ എസ്മരാൽഡ എന്ന പെൺകുട്ടി), സുന്ദരിയായ ഒരു തത്ത്വജ്ഞാനിയെ ഇഞ്ചിഞ്ചായി ചതച്ചു കൊല്ലുക (ഉദാ: ഹൈപ്പേഷ്യ) തുടങ്ങിയ ഹീനതകളൊന്നും ഭാഗ്യവശാൽ ഗുരുത്വത്തിന്റെ പവിത്രതയെ കളങ്കപ്പെടുത്തിയിട്ടില്ല. കാരണം, വനാന്തരങ്ങളിലെ ഒററപ്പെട്ട ആശ്രമവാടങ്ങളിൽ നിവസിച്ചിരുന്ന ത്യാഗിവര്യന്മാരാണ് അതു കാത്തുസൂക്ഷിച്ചതു്.

ഗുരുക്കന്മാർ എക്കാലത്തും ജീവകാരുണ്യത്തിനു വേണ്ടി നിലകൊണ്ടിട്ടുള്ളവരാണ്. സഹോദര മനുഷ്യനെ കൊല്ലുകയില്ല എന്നു പറഞ്ഞുകൊണ്ട് യുദ്ധരംഗത്തു വച്ചു തന്നെ വാൾ താഴെ വച്ചതിനുള്ള സല്പേരു് ഭാരതത്തിലെ ഒരു ഗുരുവിന്റെ ഒരു ശിഷ്യനായ ചക്രവർത്തിക്കെങ്കിലും ഉണ്ട്. സസ്യങ്ങളെപ്പോലും ഹിംസിക്കാതെ ഫലമൂലാദികൾ ഭക്ഷിച്ചും മരവുരി ഉടുത്തും കഴിയുന്നതും, ഒരു പീഡയെറുമ്പിനു പോലും വരുത്തുകയില്ല എന്നുള്ള വ്രതം പാലിക്കുന്നതു ഗുരുക്കന്മാരുടെ സ്വാഭാവികമായ രീതിയും അവരുടെ മഹിമയുമാണ്.

## ദിവ്യത്വമുള്ള മനുഷ്യൻ, തികഞ്ഞ മനുഷ്യത്വമുള്ള ദൈവം

എല്ലാത്തരത്തിലുമുള്ള സാപേക്ഷ ബന്ധങ്ങളിൽ നിന്നും ഉത്തരവാദിത്വങ്ങളിൽ നിന്നും എപ്പോഴും സ്വതന്ത്രനായിരിക്കും എന്ന

# VOLGA TAILORS

PALAYAM TRIVANDRUM-1

TAILORS AND DRESSMAKERS FOR THE WHOLE FAMILY. NONE OF YOUR NEEDS IS TOO SMALL FOR US. AND NONE TOO GREAT.

**FOR SARTORIAL SATISFACTION**

**VOLGA**

*Proprietor.*
K. GOPALAKRISHNAN

*Best Compliments from*

# CROWN BAKERY

**H.O. Lekshminada, Quilon**

Branches:
**Beach Road, Chinnakkada, Phone No. 3587**
**Main Road, Chinnakkada, Phone No. 3387**

*With the Best Compliments from*

**The manufacturers of**

# SWAN SOAP

**SREEDEVI SOAP WORKS**
Sankaramangalam Varkala Kerala
Phone: 248 Res: 448

Gram: SWAN

Best Compliments:

# NURSING HOME OF INTEGRATED MEDICINE

**Dr. K. SUKUMARAN D.A.M.** (Integrated)
Oonninmood, Bhoothakulam, Quilon.

താണു് ഗുരുവിൻെറ മറെറാരു മാഹാത്മ്യം. അതു് സ്വന്തമോ അല്ലാത്തതോ ആയ മതങ്ങളുടെ പേരിലായാലും കൊള്ളാം; വർഗ്ഗത്തിൻെറയോ രാജ്യത്തിൻെറയോ പേരിലായാലും കൊള്ളാം. ഗുരു എല്ലാവർക്കും വേണ്ടി വാദിക്കും. അതേ സമയം വിഭാഗീയതയുടെയും മതഭ്രാന്തിൻെറയും തീ ഊതിപ്പെരുക്കാൻ വിസമ്മതിക്കുകയും ചെയ്യും. യഥാർത്ഥ ഗുരുക്കന്മാർക്ക് അറിഞ്ഞു കൂടാത്ത ഒന്നാണു് ഭേദഭാവന. ഹീനജാതിക്കാരൻെറ നാക്കറുത്തുകളയുക, ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുക തുടങ്ങിയ ക്രൂരതകളുടെ മുമ്പിൽപ്പോലും കണ്ണടച്ചുകളയത്തക്കവണ്ണം യാഥാസ്ഥിതികത്വം ഭാരതത്തിൽ ചിലപ്പോൾ മുന്നിട്ടു നിന്നിട്ടുണ്ടെങ്കിലും, അതിനുശേഷം അതേ പാരമ്പര്യത്തിൽത്തന്നെ വന്ന ഗുരുക്കന്മാർ ഇത്തരം തെററുകളെ അപ്പോഴപ്പോൾ തിരുത്തിയിട്ടുണ്ടു്. ഏററവുമധികം മതസഹിഷ്ണുതയുള്ള ഒരു ജനതയുടെയിടയിൽപ്പോലും പ്രമാണഗ്രന്ഥങ്ങളിൽ ഇത്തരം ക്രൂരതകളെ ന്യായീകരിക്കുന്നതു് അവയ്ക്കൊരു തീരാക്കളങ്കം തന്നെയാണു്. എന്നാൽ പിൽക്കാലത്തു വന്ന ഗുരുക്കന്മാർ വരുത്തിയ തിരുത്തലുകൾ, അവരുടെ ജ്ഞാനപാരമ്പര്യത്തിൻെറ ബഹുമാന്യതയെ എല്ലാത്തരം ഉപാധി പരിച്ഛിന്നതകളിൽ നിന്നും ഉദ്ധരിക്കുകയുണ്ടായിട്ടുണ്ടു്. വെറും ലൗകികമായതിൻെറയോ ഒരു മനുഷ്യനെ മറെറാരുവൻെറ ശത്രുവാക്കിത്തീർക്കുന്ന ഒന്നിൻെറയോ കളങ്കമേൽക്കാത്തവരാണു് ഗുരുക്കന്മാർ. വെറും ലൗകികബന്ധങ്ങളുടെ തലത്തിലുള്ള പൊടിപടലത്തിനു മുകളിൽ വർത്തിക്കുന്ന ഗുരുക്കന്മാർ ദൈവത്തിൻെറ, ഭൂമിയിലെ പ്രതിപുരുഷന്മാരാണെന്നു പറയാം. അവരെ ദിവ്യപുരുഷന്മാരെന്നോ, തികഞ്ഞ മനുഷ്യത്വമുള്ള ദേവന്മാരെന്നോ വിളിക്കാം. രണ്ടു തരത്തിൽ വിളിച്ചാലും അതുകൊണ്ടു് അർത്ഥമാക്കുന്നതു് ഗുരുത്വത്തെ സംബന്ധിക്കുന്ന സഹജവും നിഷ്പക്ഷവുമായ ഒരായൊരു സത്യം തന്നെയാണു്.

## ഗുരുക്കന്മാർ ഭാരതത്തിൽ മാത്രമല്ല

ഗുരുക്കന്മാരെ അംഗീകരിക്കുകയും ആദരിക്കുകയു ചെയ്തുപോന്നിട്ടുള്ളതു് ഭാരതത്തിൽ തന്നെയാണു് എന്നതു് വാസ്തവം തന്നെ. എന്നാൽ ഭാരതം എന്ന ഭൂവിഭാഗത്തിൽ മാത്രമേ ഗുരുക്കന്മാർക്കുണ്ടാകുന്നതരം ജ്ഞാനം ഉണ്ടാവുകയുള്ളൂ എന്നു് ഇതിനർത്ഥമില്ല.

# ലൈനാ സ്ററുഡിയോ

റെയിൽവേ സ്റേറഷനു സമീപം

വർക്കല

സ്ഥാപിതം: 1927 ഫോൺ: 260

പി. തങ്കപ്പൻ തമ്പി

വെങ്കലപാത്രവ്യാപാരം

ചാല, തിരുവനന്തപുരം. H.O. Phone: 4623 Resi: 2072
ബ്രാഞ്ച് — ശാന്താ മെററൽസ്, ചാല, തിരുവനന്തപുരം. ഉത്തരവാദിതമുള്ള സ്റ്റീൽ, വെങ്കല, അലായ് മെററൽ പാത്രങ്ങൾ, പ്രസൻേറഷൻ സെററുകൾ, റോളിംഗ്ട്രോഫി, ചാമ്പ്യൻ കപ്പു്, ഷീൽഡ്, മെഡൽ മുതലായവസ്തു് ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക.

# ആർ. കെ. മെഡിക്കൽസ്

ഔഷധവ്യാപാരരംഗത്തെ ഒരു
മഹൽ സ്ഥാപനം

വർക്കല

Phone: 340

Res: 361

ഗുരുക്കന്മാരുടെ എല്ലാ ലക്ഷണങ്ങളുമൊത്ത മിസ്റ്റിക്കുകളും ജ്ഞാനികളും ലോകത്തിന്റെ അറിയപ്പെടാത്ത ഒഴിഞ്ഞ മൂലകളിൽ ജീവിക്കുകയും മൺമറയുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം നിർമ്മുക്തമായ ജീവിതത്തിന്റെയും ചിന്തയുടെയും പ്രതിപുരുഷന്മാരായിരുന്നു. അവരിൽ ഓരോരുത്തരിലും അവരവരുടെ പ്രാദേശിക ഭാഷകളുടെയും അവർ ജനിച്ചുവളർന്ന പശ്ചാത്തലത്തിന്റെയും നിറം കണ്ടെന്നു വരാം. അതു സ്വാഭാവികവുമാണല്ലോ. ഒരു നിറവുമില്ലാത്ത സ്ഫടികം ചുവന്ന പട്ടിന്റെ പുറത്തു വച്ചാൽ അതിനും ചുവപ്പു നിറമുള്ളതായി തോന്നും. അപ്പോഴും അതിനെ പട്ടിന്റെ ചുവപ്പ് അല്പംപോലും ബാധിച്ചിട്ടുണ്ടാവുകയില്ല. അതുപോലെ തന്നെയാണ് ഗുരുക്കന്മാരുടെ സ്ഥിതിയും. ഗുരുക്കന്മാർക്ക് അവരവരുടേതായ പ്രത്യേക പശ്ചാത്തലത്തെ വിഗണിക്കാൻ സാധിക്കുകയില്ല. ഈ പരിമിതിയുണ്ടെങ്കിലും, അച്ഛസ്ഫടിക സമാനമായ അവരുടെ കാന്തി, കാലദേശങ്ങൾക്കതീതമായി നിലകൊള്ളും. അന്തർമുഖമായ ജ്ഞാനത്തിന്റെയും, ആത്മാനുഭൂതിയുടെയും, നിത്യനൂതനമായ സത്യദർശനത്തിന്റെയും സന്ദർഭത്തിൽ പെട്ടുന്നവരാണ് അവർ. അവർ അതിർവരമ്പുകളില്ലാത്ത ഒരു ആഗോള സാഹോദര്യത്തിന്റെ ജനയിതാക്കളാണ്. ക്രിസ്ത്യൻ മിസ്റ്റിക്കുകളും, സൂഫികളും തവോ ഗുരുക്കന്മാരും ഒക്കെ ഈ ഗണത്തിൽ പെടുന്നു. സോക്രട്ടീസിനു മുമ്പുണ്ടായിരുന്ന ഗ്രീക്കുചിന്തകരുടെ കാര്യം പറയുകയും വേണ്ട. ഭാരതത്തിലാകട്ടെ, കപിലൻ, കണാദൻ, ഗൗതമൻ എന്നിവരെല്ലാം അതാതു കാലത്തു ഗുരുക്കന്മാരുടെ പദവിയാർജ്ജിച്ചവരാണ്; അവർക്ക് ഇപ്പോൾ പ്രാമാണികത കല്പിച്ചിട്ടില്ലെങ്കിലും ഉണ്ടെങ്കിലും. നിരുപാധികമായ അറിവിന്റെ ശുദ്ധവെളിച്ചത്തിൽ വിശ്വാസിക്കും അവിശ്വാസിക്കും കൈകോർത്തു നിൽക്കാം. അത്തരത്തിലുള്ളതാണ് ഗുരുക്കന്മാർ പ്രതിനിധാനം ചെയ്ത നിരുപാധികജ്ഞാനം. ഗുരുത്വം ഏതു രൂപമാതൃകയിലാണ് സംഭവിച്ചതു് എന്നതു് അവിടെ പ്രസക്തമല്ല. അതൊരു ബൃഹസ്പതിയാകാം, ഒരു ദക്ഷിണാമൂർത്തിയാകാം.

## ഗുരുത്വത്തിന്റെ മഹിമയെ പുനഃപ്രതിഷ്ഠിക്കണം

ഗുരുക്കന്മാരുടെ സന്ദേശത്തെ, ഇപ്പോൾ നിലവിലുള്ള ശാസ്ത്രചിന്താഗതിക്കും പ്രതിപാദന ശൈലിക്കുമൊത്തു് പുതുക്കി വിലയി

# ONAM GREETINGS



പുതുമയുള്ള
സാരികൾക്കു്

എലൈറ്റ് ഫേബ്രിക്സ്
തൃശൂർ



21021 & 23399

രുത്തി പുനഃപ്രവചനം ചെയ്യേണ്ടതു് മനുഷ്യരാശിയുടെ ഒരാവശ്യമായിത്തീർന്നിരിക്കുകയാണിന്നു്. റഷ്യയിലെ ഒരു ശാസ്ത്രജ്ഞനു് ലോകത്തിൽ മററു് ഏതൊരു ഭാഗത്തും ഉള്ള മറെറാരു ശാസ്ത്രജ്ഞൻ പറയുന്നതും കണ്ടുപിടിക്കുന്നതും മനസ്സിലാകുന്നുണ്ടു്. എന്നാൽ മതങ്ങളുടെയും രാജ്യസ്നേഹത്തിൻെറയും കാര്യത്തിൽ സ്ഥിതി ഇതല്ല. ഈ രണ്ടിൻെറയും മണ്ഡലം ഇടുങ്ങിയതാണു്. ഒരു ഭാഷയിൽ, ഒരേ ശൈലിയിൽ, സംസാരിക്കുമ്പോഴും ഒരു കൂട്ടർ പറയുന്നതു മറെറാരു കൂട്ടർക്കു മനസ്സിലാകാത്ത തരത്തിലുള്ളതാണു് ആ മണ്ഡലങ്ങളിലെ സങ്കുചിതത്വം. ജനാധിപത്യമെന്നും കമ്മ്യൂണിസമെന്നും പറയുന്ന രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളുടെ അന്തസ്സാരങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. എന്നാൽ പത്രങ്ങളിലും മററും ഈ വാക്കുകളുടെ അർത്ഥത്തിനു് ഉള്ളതായി കാണിക്കുന്ന സങ്കുചിതമായ രാഷ്ട്രീയ നിറഭേദങ്ങൾ കണ്ടാൽ നാം കരുതിപ്പോകുന്നതു് ഈ രണ്ടു വാക്കുകൾ പരസ്പര വിരുദ്ധമായ രണ്ടു് ആശയങ്ങൾ ഉൾക്കൊള്ളുന്നു എന്നാണു്. ബൈബിളിൽ പറയുന്ന ബേബൽഗോപുര നിർമ്മണ സമയത്തു സംഭവിച്ച ഭാഷയിലെ കലക്കത്തിനു തുല്യമാണു് ഇതും. എത്ര മിടുക്കനായ പത്രലേഖകൻ വിചാരിച്ചാലും ഈ ദോഷം ഒഴിവാക്കാൻ സാദ്ധ്യമല്ല. അർത്ഥത്തിലും ഭാവത്തിലും ഒരുപോലെ നിരുപാധികമായ അറിവു മാത്രമേ ഇത്തരം ഭിന്നവിഭാഗങ്ങൾ തമ്മിലുള്ള മത്സരത്തിൻെറ വായ്ത്തല മടക്കുകയുള്ളൂ. ആ അറിവാണു് ഗുരുക്കന്മാർ തരുന്നതു്. ആ അറിവിൻെറ രഹസ്യം അതു് എല്ലാ വൈരുദ്ധ്യങ്ങളെയും പ്രഹേളികകളെയും ഉല്ലംഘിക്കുന്നു എന്നതാണു്.

ഇന്നു നമുക്കു വീണ്ടും ഗുരുവിൻെറ മഹത്വത്തെപ്പററി പാടാം. അതിൻെറ ഉത്കൃഷ്ടതയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ടു് നമുക്കോരോരുത്തർക്കും, അതിൻെറ മഹത്വത്തെ വീണ്ടും കണ്ടെത്തിയ സന്തോഷവാർത്ത മനുഷ്യരാശിയുടെ നന്മയ്ക്കുവേണ്ടി എവിടെയും കൊണ്ടെത്തിക്കാൻ ഇടവരട്ടെ.

Gurujayanthi Greetings!

★

# REGAL TILE WORKS

## Quilon

★

26 (Chathannoor)

# പാമ്പാട്ടി ശിത്തർ പാടൽ

[നാരായണഗുരു രചിച്ചിട്ടുള്ള കുണ്ഡലിനിപ്പാട്ട് എന്ന ഗാനത്തെ കുണ്ഡലിനീയോഗപ്രതിപാദകമായിട്ടാണല്ലോ വ്യാഖ്യാനിച്ചു പോരാറുള്ളത്. അദ്വൈത വേദാന്തവും ശിവഭക്തിയും ചേർത്തു ചാലിച്ച് കുണ്ഡലിനീ യോഗം എന്ന തൂണിയിലെഴുതിയ ഒരപൂർവചിത്രമാണതു് എന്ന വസ്തുത പലപ്പോഴും ഓർക്കാറില്ല. ഗുരുവിനു് ഇങ്ങനെയൊരു ഗാനം രചിക്കാനുള്ള പ്രചോദനം ലഭിച്ചിട്ടുള്ളതു് തമിഴിലെ 'ജ്ഞാനക്കോവൈ'യിലെ ഒരു ഭാഗമായ 'പാമ്പാട്ടി ശിത്തർ പാടലി'ൽ നിന്നാണു്. തമിഴിലെ ശൈവപാരമ്പര്യവുമായി ഗുരുവിനുള്ള അടുപ്പം സുവിദിതമാണല്ലോ. നൂററിയിരുപത്തൊൻപതു പാടലുകളുള്ള ആ കൃതിയിലെ 'കടവുൾവണക്കം' എന്ന ആദ്യഭാഗമാണു് ചുവടെ ചേർക്കുന്നതു്. പാമ്പാട്ടിശിത്തർ പാടലിൽ ശിവഭക്തിക്കു പ്രഥമസ്ഥാനവും അദ്വൈതത്തിനു ദ്വിതീയസ്ഥാനവും ആണെങ്കിൽ, കുണ്ഡലിനിപ്പാട്ടിൽ അദ്വൈതത്തിനു പ്രഥമസ്ഥാനവും ശിവഭക്തിക്കു് രണ്ടാംസ്ഥാനവും ആണുള്ളതു് എന്നു് ഈ രണ്ടു കൃതികളും ശ്രദ്ധിച്ചു പഠിച്ചാൽ മനസ്സിലാകും. ]

1. തെളിന്തു തെളിന്തു തെളിന്താടു പാമ്പേ—ശിവൻ—
   ശീർപാതം കണ്ടു തെളിന്താടു പാമ്പേ
   ആടു പാമ്പേ തെളിന്താടു പാമ്പേ
   ശിവൻ അടിയിണൈക്കണ്ടോമെൻറാടു പാമ്പേ.

2. നീടുപത നമുക്കെൻറും ശൊന്തമെൻറേ
   നിത്തിയമെൻറേ പെരുമുക്തിയെൻറേ
   യാടുപടും പൊതുമാതിപത നിനൈന്തേ
   പന്നിപ്പന്നിപ്പരവി നിൻറാടു പാമ്പേ.

3. പൊന്നിലൊളി പോലെവെങ്കും പൂരണമായ്—
   പ്പൂവിൻ മണം പോലെത്തങ്കും പൊർപുനൈയതായ്
   മന്നും പലവുയിർകളിൻ മന്നിപ്പൊരുന്തും
   വള്ളലടി വണങ്കി നിൻറാടു പാമ്പേ.

4. എള്ളിലെണ്ണെയ് പോലെവുയിരെങ്കനിറൈന്ത
   ഈശൻ പതവാശമലരെണ്ണിയെണ്ണിയേ
   ഉള്ളപടിയൻപുപക്തിയോങ്കിനിർക്കവേ
   ഒടുങ്കിയടങ്കിത്തെളിന്താടു പാമ്പേ.

## STATE BANK OF TRAVANCORE

(Associate of the State Bank of India)

We accept deposits under a variety of attractive schemes and provide all banking facilities. We provide most modern Safe Deposit Locker facilities on moderate rental. We extend financial assistance to Agriculture, Small Trade and Small Industries on liberal terms.

**VISIT US FOR YOUR BANKING REQUIREMENTS**

State Bank of Travancore offers you a choice of ways::.

HEAD OFFICE — N. C. BANERJEE
TRIVANDRUM — MANAGING DIRECTOR

ഫോട്ടോഗ്രാഫി സംബന്ധിച്ച എല്ലാവിധ ജോലികൾക്കും സമീപിക്കുക!

## ഗോപാ സ്റ്റുഡിയോ

**ആർട്ടിസ്റ്റ്സ് & ഫോട്ടോഗ്രാഫേഴ്സ്**

മൈതാനം, വർക്കല

ചതയദിനാശംസകൾ!

## ഹോട്ടൽ നർത്തകി

മൈതാനം, വർക്കല — Phone No: 312

നല്ല രീതിയിലുള്ള ഭക്ഷണങ്ങൾ തൃപ്തിയോടുകൂടി കഴിക്കുവാൻ സമീപിക്കുക, ഹോട്ടൽ നർത്തകി.

ഓർഡർ അനുസരിച്ച്

**'ചൈനീസ് ഡിഷ്'' കിട്ടുന്നതാണ്.**

5. അകണ്ടപിണ്ടന്തന്തവെങ്കളാതിതേവനൈ
അകല്ലാമലൈ നിനൈയ്ത്തൻപുടൻ പണി-
ന്തെണ്ടിശൈയും പുകഴ്ത്തിടവേത്തിയേത്തിയേ
യേകമനമാക നാടിയാട്ട പാമ്പേ.

6. ശോതിമയമാന പരിശുത്തവസ്തുവൈ-
ത്തൊഴുതഴുതാവലറിത്തൊന്തോമെനവേ
നീതിതവറാവഴിയിനിൻറു നിലൈയ്യായ്
നിനൈയ്ന്തു നിനൈയ്ന്തുരുകിയാട്ട പാമ്പേ.

7. അരുവായുമുരുവായും പക്തിയായും
അന്തമായുമൊളിയായുമാകമായും
തിരുവായുങ്കുരുവായും ശിവനായും
ശെറിന്ത വസ്തുവൈയ്പ്പോററിയാട്ട പാമ്പേ.

8. ശുട്ടിക്കാട്ടവൊണ്ണാതപാഴ്ശൂന്യം തനൈ-
ചൂട്ചമതിയാലറിന്തു തോഷമറവേ
എട്ടിപ്പിടിത്തോമെൻറാനന്തപാമ്പെ
എടുത്തു വിരിത്തു നിൻറാട്ട പാമ്പേ.

9. എവ്വുയിരുമെവ്വുലകുമീൻറും പുറമ്പായ്
ഇരുന്തു വിളൈയാട്ടൈയ്ത്തിയും പിന്നർ
അവ്വുയിരുമവ്വുലകുമാതിയും നിൻറ
ആനന്തവെള്ളം കണ്ടാട്ട പാമ്പേ.

ചതയദിനാശംസകൾ!

സന്ദർശിക്കുക!

വർക്കലയിൽ വരുമ്പോൾ നല്ലൊരു ഉച്ചഭക്ഷണത്തിനും കാഫിക്കും ഓർമ്മിക്കുക

ദീപപ്രഭ കാഫി സ്ററാൾ

ശിവഗിരി ജംഗ്ഷൻ
മാനേജർ: K.S. ദീപപ്രഭ

ചതയദിനാശംസകൾ!

★

# ഗോപാൽ മോട്ടോഴ്സ്

ആൻറ്

# ബലറാം

## ആട്ടോമോബൈൽ

ആൻറ്

## ജനറൽ ഇഞ്ചിനീയറിംഗ്
## വർക്ക്ഷാപ്പ്

★

എല്ലാവിധ ഇഞ്ചിനീയറിംഗ് വർക്കുകളും കൃത്യസമയത്തു ചെയ്തു കൊടുക്കുന്നതാണ്.

**കൂടാതെ ലൈലാൻഡ്, ബെൻസ്, ഫർഗോ, ബെഡ്ഫോഡ് തുടങ്ങിയ എല്ലാവിധ ഡീസൽ വാഹനങ്ങളുടെയും പണികൾ കൃത്യമായി ചെയ്തു കൊടുക്കുന്നതാണ്.**

കൊല്ലം

ഫോൺ. 514

# മതവും സംസ്കാരവും

## ഭാരതീയ തത്ത്വചിന്തയിൽ

ശ്രീ സത്യാനന്ദസ്വാമികൾ

ഉണരുവിൻ! എഴുന്നേല്ക്കുവിൻ!

ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാന്നിബോധത,
ക്ഷുരസ്യ ധാരാ നിശിതാ ദുരത്യയാ
ദുർഗ്ഗം പഥസ്തത് കവയോ വദന്തി.
(കഠോപനിഷത് :3 _14)

തസ്മാദജ്ഞാനസംഭൂതം
ഹൃത്സ്ഥം ജ്ഞാനാസിനാത്മനാ
ഛിത്വൈനം സംശയം യോഗ_
മാതിഷ്ഠോത്തിഷ്ഠ, ഭാരത!
(ഗീത _ 4_42)

ലോകം മോഹനിദ്രയിൽ ആണ്ടുപോയിട്ടുള്ള കാലങ്ങളിലെല്ലാം അതിൻെറ ആചാര്യമണ്ഡലത്തിൽ നിന്നും ഉച്ചസ്വരത്തിൽ മുഴങ്ങിയിട്ടുള്ളതാണീ ദിവ്യശംഖനാദം— "ഉണരുവിൻ! എഴുനേൽക്കുവിൻ!, സത്യമറിഞ്ഞു് നേരായ മാർഗ്ഗത്തിൽ ചരിക്കുവിൻ!"

മോഹം എന്നുവച്ചാൽ, അജ്ഞാനം, തമസ്സ്, തെററിദ്ധാരണ. അതിനു വിധേയമായി മനുഷ്യലോകം പലപ്പോഴും ശ്രേയോമാർഗ്ഗം കാണാതെ വഴി തെററി അലഞ്ഞുതിരിഞ്ഞിട്ടുണ്ടു്. സത്യത്തെ അസത്യമായും, അസത്യത്തെ സത്യമായും, നന്മയെ തിന്മയായും, തിന്മയെ നന്മയായും തെററിദ്ധരിച്ച് ആപദ്ഗർത്തങ്ങളിൽ ചെന്നു വീഴാൻ ഇടയായിട്ടുമുണ്ടു്. ആ അവസരങ്ങളിലാണു് ആത്മവീര്യോത്തേജകവും സന്മാർഗ്ഗബോധകവുമായ ഈ ആർഷ

ചതയദിനാശംസകൾ!

# ആനന്ദ്ദാസ്റേറാഴ്സ്

## വർക്കല & കടയ്ക്കാവൂർ

വർക്കല
Phone: 322

കടയ്ക്കാവൂർ
Phone: 47

ചതയദിനാശംസകൾ!

കാക്കക്കുഴി പത്മനാഭൻ വൈദ്യർ സ്മാരക

# ശ്രീമൂലിനി വൈദ്യശാല

## മൈതാനം, വർക്കല

പ്രസ്തുത സ്ഥാപനത്തോടനുബന്ധിച്ച് അനതിവിദൂരഭാവിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു "പഞ്ചകർമ്മ ചികിത്സാവിഭാഗം" വർക്കല മുനിസിപ്പൽ ആഫീസിനു സമീപം സജ്ജമായി വരുന്നെന്നുള്ള വിവരം കൂടി സസന്തോഷം അറിയിച്ചുകൊള്ളുന്നു.

Prop: R. ധർമ്മരാജൻ വൈദ്യൻ DIM

With the Best Compliments of:-

# THE TRAVANCORE POTTERIES-TILES

ITHIKKARA, CHATHANNOOR

Manufactures of High Class Single Elephant, Single Lion Mark Mangalore Pattern Roofing Tiles & Wirecut Bricks.

നാദം മുഴങ്ങിയിട്ടുള്ളത്. ഉപനിഷദ് ഗുരുക്കന്മാരുടെ കാലം കഴകേ, കലിയുഗാദയിൽ കുരുക്ഷേത്രയുദ്ധഭൂമിയിൽ വച്ച് ശ്രീ കൃഷ്ണമുഖത്തുനിന്നു ഈ ധ്വനി മുഴങ്ങി. മോഹാവിഷ്ടനായ അർജ്ജുനനെ മുൻനിറുത്തിക്കൊണ്ട് ഭഗവാൻ ലോകത്തിനു നൽകിയ ആ ഉദ്ബോധനമാണ് ഗീതയിൽ നാം കേൾക്കുന്നത്. അതിൻെറ മാററാല വിലയിച്ച് അസ്പഷ്ടമായപ്പോൾ, ഭഗവാൻ ബുദ്ധൻ ആ ശംഖധ്വനി വീണ്ടും മുഴക്കി. അന്നത്തെ വൈദിക പുരോഹിത വർഗ്ഗത്താൽ പ്രചാരിതമായ നാനാതരം മൂഢവിശ്വാസങ്ങളിലും പ്രാണിഹിംസാദുഷ്ടമായ യാഗ-ബലികർമ്മങ്ങളിലും മുഴകി, ശ്രേയോമാർഗ്ഗം കാണാതെ വഴിതെററി അലഞ്ഞിരുന്ന ലോകത്തെയുണർത്തി സന്മാർഗ്ഗത്തിൽ ചരിപ്പിക്കാനുള്ളതായിരുന്നു, ബുദ്ധൻെറ ഉദ്ബോധനം. അതിൻെറ പ്രതിധ്വനി, പാലി ഭാഷയിൽ പ്രസിദ്ധമായിട്ടുള്ള ത്രിപിടകം, ധർമ്മപദം മുതലായ ബൗദ്ധാഗമ ശാസ്ത്രങ്ങളിൽ നമുക്കു കേൾക്കാം. പൂർവ ഭാരത മേഖലകളിലാണ് ഈ ധ്വനി ആദ്യം മുഴങ്ങിയത്. അവിടെ നിന്നും അതു ലോകത്തിൻെറ നാനാ ഭാഗത്തേയ്ക്കും പ്രസരിച്ചു. ആ പ്രക്രിയയിൽ അതിൻെറ ഭാഷയ്ക്ക് ദേശഭേദേന കുറേശ്ശെ മാററം വന്നുകൊണ്ടിരുന്നു. സ്വാഭാവികമാണത്. അങ്ങനെ കാലാന്തരത്തിൽ അതിൻെറ പ്രതിധ്വനി, ഭാരതസീമ കടന്ന് പാലസ്തീൻ ജനതയ്ക്കിടയിൽ പ്രചരിച്ചപ്പോൾ, അതിന് തദ്ദേശീയകമയ രൂപഭേദം വന്നുകൂടി. അതാണ് യേശുക്രിസ്തുവിൻെറ ധർമ്മോപദേശ മൊഴികളായി ബൈബിളിലെ (പുതിയ നിയമം) സുവിശേഷങ്ങളിൽ പ്രതിധ്വനിക്കുന്നത്.

അതുപോലെ, ഈ അടുത്ത കാലത്ത് ലോകോദ്ധാരണാർത്ഥം ആവിർഭവിച്ച ശ്രീ വിവേകാനന്ദസ്വാമികളും ശ്രീ നാരായണഗുരുവും അതേ ശംഖനാദം, ഏതദ്ദേശ കാലോചിതമായ ഭാഷയിൽ മുഴക്കിയിട്ടുണ്ട്. ക്രിസ്തുവർഷം 1897 മുതൽ 1902 വരെയുള്ള കാലഘട്ടത്തിൽ വിവേകാനന്ദസ്വാമികൾ ഭാരതമുടനീളം സഞ്ചരിച്ച് ആധുനിക യുവഭാരതത്തിന് നല്കിയ ഉദ്ബോധനങ്ങളിലെല്ലാം 1 ഗീതയിലെ ആ ശംഖനാദം നമുക്കു കേൾക്കാം. 'ഉത്തി

---

1 Refer: വിവേകാനന്ദ സാഹിത്യസർവസ്വം, വാല്യം- 8 (ശ്രീരാമകൃഷ്ണാശ്രമ പ്രസിദ്ധീകരണം—1963)

## നസീ ബേക്കറി & കൂൾ ബാർ

കല്ലമ്പലം

വിവാഹാദി ആവശ്യങ്ങൾക്കും മററ് ടീ പാർട്ടികൾക്കും ആവശ്യമുള്ള എല്ലാ വിധ ബേക്കറി സാധനങ്ങളും മിതമായ വിലയ്ക്ക് ഇവിടെ നിന്നും ലഭിക്കുന്നതാണ്.

ഫോൺ: 91

ചതയദിനാശംസകൾ!

## ശ്രീനാരായണ മന്ദിരം

മെഡിക്കൽ കോളേജ് ജംഗ്ഷൻ

ഉള്ളൂർ

ഫോൺ: 63760

With the Best Compliments

from

## TOWN HOTEL

PALAYAM

TRIVANDRUM-1

*With the best Compliments from*

## SAUGAR COLLEGE

VARKALA - ATTINGAL

Phone: 265, 325

ഷ്ട ഭാരത!' പക്ഷെ കുരുക്ഷേത്രയുദ്ധഭൂമിയിലെ അതേ സാഹചര്യംതന്നെയായിരുന്നു സ്വാമിജിയുടെ കാലത്തുമുണ്ടായിരുന്നതെന്നു പറക വയ്യ. അതിനു് ദേശകാലങ്ങളെക്കൊണ്ടു ചെറിയൊരു മാററം വന്നിരുന്നു. നവീനമായ ആ സാഹചര്യം മനസ്സിലാക്കിയെങ്കിലേ സ്വാമിജിയുടെയും ശ്രീനാരായണഗുരുവിൻെറയും ഉദ്ബോധനം ശരിക്കു ഗ്രഹിക്കാൻ കഴിയൂ.

## നവീന സാഹചര്യം

എ. ഡി. 12_ാം നൂററാണ്ടുമുതൽ ഏതാണ്ടു 600 വർഷക്കാലം നിന്തരമായി ഭാരതത്തിനു നേരിടേണ്ടിവന്ന വിദേശീയാക്രമണങ്ങളും കൊള്ളയും കൊലയും വിധ്വംസന ക്രിയകളും നിമിത്തം ക്ഷീണിച്ചവശമായിക്കിടന്ന ഭാരതജനതയുടെ മേൽ, കൂനിന്മേൽ കുരു വന്നപോലെ, ഇംഗ്ലീഷുകാരുടെ വാണിജ്യശക്തി ആധിപത്യമുറപ്പിച്ചു; തജ്ജാതീയമായ ഒരു ഭരണക്രമവും വിദ്യാഭ്യാസ പദ്ധതിയും നടപ്പാക്കി. ഭാരതത്തിൻെറ ഭാസുരമായപുരാവൃത്തവും തദധിഷ്ഠിതമായ വിദ്യാവിനയ(സംസ്ക്കാര)വും ജനതാബോധത്തിൽ നിന്നു നിശ്ശേഷം തുടച്ചു മാററാൻ ഉതകുന്ന വിധം ആസൂത്രിതമായ ഒരു ശിക്ഷാപദ്ധതിയാണു്, 19_ാം നൂററാണ്ടാരംഭം മുതൽ ഇവിടെ നടപ്പായതു്. അതനുസരിച്ചു്, ശോഭനമായൊരു പുരാവൃത്ത (ചരിത്ര)വും വിദ്യാവിനയങ്ങളും നാഗരിക സംസ്കൃതിയും ഭാരതീയർക്കു സ്വന്തമായിട്ടില്ല, ഉണ്ടെന്നു പറയപ്പെടുന്ന ആര്യസംസ്ക്കാരം, വിദേശങ്ങളിൽ നിന്നു ഇവിടേയ്ക്കു് കടന്നു വന്ന അലക്സാണ്ടർ മുമ്പായ ഗ്രീക്കുകാരും, റോമാക്കാരും പിന്നീടു ഹൂണരും തുരുഷ്ക്കരും മുഗളരും മററുമായ മുസ്സൽമാൻമാരും കൊണ്ടു വന്നു വളർത്തിയിട്ടുള്ളതാണു്. ഇക്കൂട്ടരുടെ സംസ്ക്കാരങ്ങളുടെയെല്ലാം സമ്മിശ്രമാണു് ഹിന്ദുവെന്നു പറയപ്പെടുന്ന ആര്യഭാരത സംസ്ക്കാരം. ഗ്രീക്കുകാരുടെ വരവു കുറിക്കുന്ന ബി. സി. 326_നു് മുമ്പുള്ള കാലമെല്ലാം അജ്ഞാതവും അജ്ഞേയവും അന്ധകാരമയവുമായ ''ചരിത്രാതീതദശ''. അക്കാലത്തിവിടെയുണ്ടായിരുന്നവർ, 'ദ്രാവിഡർ' എന്നൊരു കറുത്ത വർഗ്ഗം അപരിഷ്കൃത ജനതയാണു്.

അയഥാർത്ഥവും മിഥ്യാകല്പിതവുമായ ഈ ദുർബോധനമാണു്, കഴിഞ്ഞ 160 വർഷങ്ങളായി ഭാരതീയ വിദ്യാഭ്യാസ രംഗത്തു

# HOTEL SHAW - INTERNATIONAL

## Chinnakkada, Quilon

★

ഉൽഘാടനം പ്രതീക്ഷിക്കുക:

കൊല്ലം പട്ടണത്തിൻെറ ഹൃദയഭാഗത്തു എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുകൂടി, പുതിയതായി പണിതീർന്നുവരുന്ന, "ഹോട്ടൽ ഷാ-ഇൻറർനാഷണൽ"

★

Cable—YUNINDUS.
**Telephone: 4043, 4307, 1131.**
Telex: 886- 287, TLI IN

Proprietors:
Younus Cashew Industries
Vadakkevila, QLN-10

പ്രചരിച്ചു വരുന്നതു്. അതിൻെറ ഫലമായി ഈ ദുർബോധനങ്ങളെ 'സൈൻറിഫിക്'– വിജ്ഞാനമായി ഉൾക്കൊണ്ട ഒരു സംഘം പണ്ഡിതന്മാർ ഇവിടെയുണ്ടായി. അവരാണിന്നു് രാഷ്ട്രത്തിൻെറ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ജീവിതമണ്ഡലങ്ങളിൽ ആചാര്യപ്രമുഖരായി പ്രവർത്തിക്കുന്നതു്. ഗതാനുഗതികതത്വത്തിൽ അദ്വിതീയരായ ഈ പണ്ഡിതന്മാർ, പാശ്ചാത്യ ഗുരുക്കന്മാരിൽനിന്നു തങ്ങൾക്കു ലഭിച്ച ഭാരതീയ ചരിത്ര– സംസ്കാര– മതബോധങ്ങളെല്ലാം യുക്തിയുക്തവും പ്രമാണഭൂതവുമാണെന്നു വരുത്താൻ, മതം, ധർമ്മം, സംസ്കാരം സാഹിത്യം, ചരിത്രം തുടങ്ങിയ പദങ്ങളുടെ അർത്ഥവും ഉപയുക്തിയും പാടേ മാററിമറിച്ചു; സംസ്കൃതഭാഷയിൽ പ്രസിദ്ധങ്ങളായ ഈ ശബ്ദങ്ങൾക്കു എന്തർത്ഥം മൗലികമായിട്ടുണ്ടോ, അതൊന്നുമല്ല ഇന്നു പ്രചരിക്കുന്നതു്. ഉദാഹരണമായി, 'മതം'. ഇംഗ്ലീഷിലെ ,Religion എന്ന ശബ്ദത്തിനു ഇപ്പോൾ മലയാളത്തിൽ നടപ്പുള്ള പരിഭാഷയാണു്, ഇതു്. അതിൻെറ മൗലികമായ അർത്ഥം എന്തായാലും, യുക്തിക്കു നിരക്കാത്ത കുറെ വിശ്വാസാചാരങ്ങളുടെ സംഹതിയെന്നോ, മയക്കുമരുന്നു് (Opium) എന്നോ ഒക്കെയാണിക്കാലത്തെ വ്യാഖ്യാനം. അതുപോലെ, സംസ്കാരം, നാഗരികത: ഇംഗ്ലീഷിൽ Culture എന്നും Civilisation എന്നും പ്രസിദ്ധമായ ശബ്ദങ്ങളുടെ പരിഭാഷയാണീ ശബ്ദങ്ങൾ. എത്രയോ ഉദാത്തമായ അർത്ഥത്തിൽ ഉപയോഗിച്ചു വന്നിരുന്ന ഈ ശബ്ദങ്ങളെ സങ്കോചിപ്പിച്ചു വികൃതമാക്കിയാണിന്നു് വ്യവഹരിച്ചു വരുന്നതു്. 'സംസ്കാരം' എന്നു കേട്ടാൽ കൊട്ടു്, പാട്ടു്, നൃത്തം, ചിത്രമെഴുത്തു് തുടങ്ങിയ കലാവിജ്ഞാനങ്ങൾ മാത്രമാണെന്നും, 'നാഗരികത'യെന്നു വച്ചാൽ ഭൂമിയിൽനിന്നു കുഴിച്ചെടുക്കപ്പെട്ട പ്രാചീന നഗരാവശിഷ്ടങ്ങൾ മാത്രമാണെന്നും, മററുമാണിക്കാലത്തെ സാമാന്യജനങ്ങളുടെ ധാരണ. അങ്ങനെ പലതും. വൈദേശികങ്ങളും വിജാതീയങ്ങളുമായ ഇത്തരം മഥ്യാബോധങ്ങളെ സയൻസിൻെയും ആധുനികതയുടെയും പേരിൽ ഉൾക്കൊണ്ടു്, മനം മയങ്ങി, സ്വദേശീയമായ വിദ്യാപാരമ്പര്യവും സംസ്കാരവും മറന്നു് പാരതന്ത്ര്യത്തിലേ

Gurujayanthi Greetings!

From

# S. R.

# &

# VIMALA

★

CINE HOUSES

VARKALA.

Phone: 339

Phone: 64857

# CHELLAM STORES

## HARDWARE & PAINTS MERCHANTS

Opp: Men's Hostel

Medical College, Trivandrum-11

Stockists for:-

Asain Paints & Plastic Emulsion, ICI Paints & Plastic Emulsion, Ravincem, Supercem, Durocem, Cement Paints, Prabhu's Polish and all other Equipments sold here.

യ്ക്ക നീങ്ങിക്കൊണ്ടിരിക്കുന്ന ഭാരതജനതയെ ഉണർത്തി, ഭാവിയായ അഭ്യുദയ മാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കാൻ വിവേകാനന്ദ സ്വാമികൾ മുഴക്കിയതാണീ ശംഖധ്വനി. എൺപതു വർഷം മുമ്പ് മുഴങ്ങിയ ആ ഉദ്ബോധനം ഇന്നും പ്രസക്തമാണ്. വികൃതമായ വ്യാഖ്യാനത്തിനു വിധേയമായി ലോകത്തിൽ പ്രചരിച്ചു കൊണ്ടിരിക്കുന്ന ഈ ശബ്ദങ്ങളുടെ മൗലികമായ അർത്ഥം വെളിവാക്കിക്കൊണ്ട് സ്വാമിജിയുടെ ഉദ്ബോധനം ഗ്രഹിക്കേണ്ടതു് ഈ സന്ദർഭത്തിൽ വിശേഷിച്ചും ആവശ്യമാകുന്നു. 'മതം' എന്ന പദം തന്നെ ആദ്യം നിരൂപിക്കാം.

## മതം: പദാർത്ഥ നിരൂപണം

മതം എന്നു വച്ചാൽ മനനത്താൽ സംസിദ്ധമാക്കപ്പെട്ട, വിവേകബുദ്ധിയാൽ ദർശിക്കപ്പെട്ട, സത്യവും ശുദ്ധവുമായ ജ്ഞാനം, എന്നു വാച്യാർത്ഥം. എന്തിനെ അധികരിച്ച ജ്ഞാനം എന്ന ചോദ്യത്തിനു്, പ്രപഞ്ചസത്തയെ, ജീവിതപരമാർത്ഥത്തെ, അധികരിച്ച ജ്ഞാനം (സ്വാനുഭവം, സാക്ഷാദ്ദർശനം) എന്നു സമാധാനം. ഇംഗ്ലീഷിൽ ഈ അർത്ഥത്തെ ദ്യോതിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ശബ്ദമത്രേ, Religion. വിവേകാനന്ദ സ്വാമികൾ അതിൻെറ മൗലികമായ അർത്ഥം സൂത്രവാക്യരൂപേണ വെളിവാക്കുന്നു:—

> "Religion is Realisation "
> "Religion is the manifestation of the Divinity already in man"

മനുഷ്യനിൽ സ്വതസ്സിദ്ധമായി, സ്വഭാവ ശുദ്ധമായിരിക്കുന്ന ദിവ്യതയുടെ (സച്ചിദാനന്ദ ചൈതന്യത്തിൻെറ) അഭിവ്യക്തി (സാക്ഷാത്കാരം) ആകുന്നു, മതം.

നമ്മളിൽ അന്തർലീനമായി, സ്വഭാവസിദ്ധമായിരിക്കുന്ന ആ ചൈതന്യം, ആത്മഭൂതനായ ഈശ്വരനാകുന്നു. ആകയാൽ, സച്ചിദാനന്ദാത്മകമായ ഈശ്വരഭാവത്തെ അന്തരംഗത്തിൽ ആത്മഭൂതമായി സാക്ഷാത്കരിക്കുകയാണ് യഥാർത്ഥ മതം. പരമപുരുഷാർത്ഥവും അതു തന്നെയാകുന്നു: അതായതു്, ഈശ്വര സാക്ഷാത്കാരം. അതിൽ കവിഞ്ഞു് മനുഷ്യജീവിതം കൊണ്ട്

With the Best Compliments from

**M/s BEES**

**(NAVARENG BUILDINGS)**

VARKALA 695 141

Authorised Stockists for M/s Blue Star Ltd. India.
Dealers in: Refrigerators, Water Coolers, Fans, Lamps,
H. M. V. and INRECO Gramaphone Records.

*Best Compliments from*

**K. V. SAW MILLS**
**& TIMBER DEPOT**

Main Road
PARIPPALLY, SOUTH QUILON.

Prop: K. S. K. VELAYUDHAN.

Phone Off: 25
Res: 29

"Chathayam Greetings!"

From

**K. KARUNAKARAN**

**KARUNA CASHEW CO**

QUILON-4

Phone: Res: 2444, 3608
Off: 3102, 4181

Best Compliments from

**GIFT HOUSE**

**SELCON FOOTWEARS**
**&**
**KEERTHI TYRES**

Maithanam, Varkala

Phone: 411

സാധിക്കേണ്ട മററു യാതൊന്നുമില്ല; അതാണ് ജീവിതത്തിന്റെ പരമലക്ഷ്യം.

'മത'ശബ്ദത്തിന്റെ ലക്ഷ്യാർത്ഥം (പരമസാധ്യം) ആണിവിടെപ്പറഞ്ഞതു്. പരമമായ ആ സാധ്യത്തെ (ലക്ഷ്യത്തെ) സാധിക്കാനുതകുന്ന സാധനവും (ഉപായം, മാർഗ്ഗം) 'മതം' തന്നെയാകുന്നു. സാധ്യസാധനങ്ങൾ, അഥവാ ഉപേയോപായങ്ങൾ, രണ്ടും ഭാരതീയ (വേദാന്ത) ചിന്തയിൽ രണ്ടല്ല. അഭേദാർത്ഥത്തിലാണ് അവയെ മനീഷികൾ വ്യവഹരിച്ചു വന്നിട്ടുള്ളതു്. അതനുസരിച്ച്, ഉപായം അഥവാ സാധനം (മാർഗ്ഗം) എന്ന അർത്ഥത്തിൽ 'മത'ത്തെ കുറിക്കാൻ, വിദ്യ, യോഗം, ധർമ്മം എന്നിങ്ങനെ പല പദങ്ങളും ശാസ്ത്രകാരന്മാർ ഉപയോഗിക്കുന്നുണ്ടു്.

പ്രമാണപരിശോധനയാൽ സംശയവിപര്യയാദി ദോഷങ്ങൾ നീക്കി മനുഷ്യനു് അഭ്യുദയഹേതുവാംവണ്ണം സിദ്ധമാക്കപ്പെട്ട സത്യവും ശുദ്ധവുമായ ജ്ഞാനമത്രേ, വിദ്യ. "വിദ്യയാ വിന്ദതേ അമൃതം" (വിദ്യയാൽ മനുഷ്യൻ ജനനമരണരൂപമായ സംസാരത്തെ ജയിച്ച് അമൃതത്വം പ്രാപിക്കുന്നു) എന്നാണ് കേനോപനിഷത്തിൽ (2–4) പറയുന്നതു്. ആകയാൽ അമൃതത്വപ്രാപ്തിസാധകമായ വിദ്യാഭ്യാസം മതമാണ്.

അമൃതത്വം (നിത്യാനന്ദമായ ഈശ്വരഭാവം) മനുഷ്യനിൽ ആത്മസ്വരൂപേണ അന്തർലീനമായിരിക്കുന്നു. പക്ഷെ, തമോരൂപമായ അവിദ്യയുടെ (അജ്ഞാനം) ബാധയാൽ ആ പരമാർത്ഥം നാമിപ്പോൾ ബോധിക്കുന്നില്ല. ശരിയായ വിദ്യാഭ്യാസത്താൽ, സൂര്യപ്രകാശത്തിൽ ഇരുട്ടെന്നപോലെ, തമോമയമായ അവിദ്യാവരണം നീങ്ങി, നിത്യശുദ്ധവും അമൃതവുമായ ഈശ്വരസ്വരൂപം തെളിഞ്ഞു വിളങ്ങുന്നു. ഇതാണ് വിദ്യാഭ്യാസത്തിനും തത്ഫലമായ ഈശ്വരപ്രാപ്തിക്കും വേദാന്തശാസ്ത്രം നല്കുന്ന വ്യാഖ്യാനം. ഇതേ അർത്ഥത്തിൽ തന്നെയാണ് 'ധർമ്മ'ശബ്ദവും ശാസ്ത്രകാരന്മാർ ഉപയോഗിക്കുന്നതു്:—

"യതഃ അഭ്യുദയനിഃശ്രേയസസിദ്ധിഃ സ ധർമ്മഃ"

= യാതൊരുപായത്താൽ മനുഷ്യനു് ലൗകികമായ അഭ്യുന്നതിയും (അഭ്യുദയം) പരമമായ ആനന്ദവും സിദ്ധിക്കുമോ, ആ ഉപായം

ചതയദിനാശംസകൾ!

വി. സാംബശിവൻ B.A., B.Ed.

സാഹിതീ നിവാസ്, കൊല്ലം

Phone: 3029

നല്ലതരം ഫോട്ടോകൾക്ക്

സമീപിക്കുക

വിജയാ സ്ററുഡിയോ

മൈതാനം, വർക്കല

Gurujayanthi Greetings!

★

**Lekshmi Tile Works**

PARIPPALLY

Phone: 37

**ESSAR PRODUCTIONS**

**VARKALA**

R. SHAJI

Phone: Res: 224
Off: 339

'ധർമ്മ'ശബ്ദവാച്യമാകുന്നു. ഋതം പുണ്യം, ഹിതം, സ്വസ്തികം, ശുഭം—എന്നെല്ലാം പറയപ്പെടുന്നതു് ഈ ധർമ്മം തന്നെയാണു്; മറെറാന്നുമല്ല. ധർമ്മത്തിനു് വിപരീതമായതു് അധർമ്മം, അപുണ്യം (പാപം), അഹിതം, അശുഭം, അശിവം എന്നാണു് ഭാരതീയ മനീഷ. ധർമ്മാധർമ്മങ്ങളെ വിവേചിച്ചറിവാൻ കഴിവുള്ള, മനനശീലനായ മനുഷ്യനെ അവൻെറ മനുഷ്യത്വത്തിൽ നിന്നു് അധഃപതിപ്പിച്ചു് ശ്രേയോമാർഗ്ഗത്തെ പ്രതിബന്ധിക്കുന്നവയാണീ അധർമ്മഭാവങ്ങൾ. അതിനാൽ ശ്രേയസ്സിനെ കാംക്ഷിക്കുന്ന മനുഷ്യൻ അവയെ വെടിയണം; വിദ്യയാൽ ചോദിതമായ മതത്തെ (ധർമ്മമാർഗ്ഗത്തെ) ആശ്രയിക്കണം. എന്നാണു് ശാസ്ത്രോപദേശം ശോഭനമായ ഈ അർത്ഥത്തിൽ തന്നെയാണു് 'യോഗ'ശബ്ദവും ഭാരതീയാചാര്യന്മാർ ഉപയോഗിക്കുന്നതു്.

## യോഗനിഷ്ഠമായ മതം

"യോഗം: സന്നഹനോപ യധ്യാനസംഗതിയുക്തിഷു"

സംഘടന, സന്നദ്ധത, ഉപായം, ധ്യാനം (ചിത്തൈകാഗ്രത) സംഗതി, യുക്തി എന്നീ അർത്ഥങ്ങളിലെല്ലാം യോഗശബ്ദത്തെ ശാസ്ത്രങ്ങളിൽ ഉപയോഗിച്ചു വരുന്നു.

ഭഗവദ്ഗീതയിൽ:—

"സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ
സമത്വം യോഗ ഉച്യതേ"
"യോഗഃ കർമ്മസു കൗശലം"

എന്നാണു് നിർവചനം. അതായതു് ഫലസിദ്ധിയിലും അസിദ്ധിയിലും ജയാപജയങ്ങളിലും മനസ്സിനു ചാഞ്ചല്യമില്ലാതെ സമനില പാലിക്കുന്നതാകുന്നു, യോഗം. ഏതൊരു കർമ്മവും സമർത്ഥമായി നിർവഹിക്കാനുള്ള ഉപായവും അതു തന്നെയാകുന്നു—സമത്വയോഗം. അതു് സാധിക്കാൻ, മനസ്സിനു ചാഞ്ചല്യമുണ്ടാക്കുന്ന കാമക്രോധലോഭാദി വികാരങ്ങളെ അടക്കണം; കാമേന്ദ്രിയ മനോവൃത്തികളെ നിയമനം ചെയ്യണം. അതിലേയ്ക്കു് അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിങ്ങനെയുള്ള യമങ്ങളും തപസ്സു്, സ്വാധ്യായം ഈശ്വരപ്രണിധാനം, ശൗചം, സന്തോഷം എന്നിങ്ങനെയുള്ള വ്രതനിയമങ്ങളും യോഗശാ

With the Best Compliments from:

# Dr. RAM'S NURSING & MATERNITY HOME

Quilon-13

Phone: 4087

# WESTERN TAILORS

## TRIVANDRUM

LEADING SUIT MAKERS

TELE: 6117

*Gurujayanthi Greetings!*

# Dr. B. Seerapani B.Sc. M.B.B.S

Swamiji Clinic
Chirayinkil

Phone: Res: 71
Off: 70

## സുദർശനാ സാ മിൽസ്

**പുത്തൻചന്ത, വർക്കല**

ബ്രാഞ്ച്: പോങ്ങനാട്

**സമീപിക്കുക!**

എല്ലാ ഇനം തടികളും, കൃത്യസമയത്തിനു് ഓർഡറിൻ പ്രകാരം അറുത്തു് ഉരുപ്പടികൾ കൊടുക്കുന്നതാണു്.

തികഞ്ഞ സംതൃപ്തി ഞങ്ങളുടെ സവിശേഷത!!!

പ്രൊ: കെ. പുരുഷോത്തമൻ

സ്ത്രം വിധിക്കുന്നുണ്ട്. സമത്വമാകുന്ന യോഗത്തിനു് ഉപായങ്ങളെന്ന നിലയിൽ ഈ യമനിയമ സാധനകളെല്ലാം യോഗശബ്ദവാച്യമാകുന്നു. 'മതം' എന്നു പറയപ്പെടുന്നതും അതു തന്നെ. ശ്രേയസ്സാധനങ്ങളായ ധർമ്മാചരണങ്ങളെയും വ്രതനിയമങ്ങളെയുമാണല്ലോ, മതമായി വിവക്ഷിക്കുന്നതു്. അവയിൽ സ്വാധ്യായവും ഈശ്വരപ്രണിധാനവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

യോഗനിഷ്ഠനായ ഗുരുവിൽനിന്നു ശാസ്ത്രാർത്ഥം ഗ്രഹിച്ച് ശിഷ്യൻ തദുപരി ചെയ്യുന്ന മനന നിദിധ്യാസനരൂപമായ അഭ്യാസമാകുന്നു, സ്വാധ്യായം. ശാസ്ത്രം തന്നെ വിദ്യ. ആ നിലയ്ക്കു് 'വിദ്യാഭ്യാസ''മെന്നും ഈ യോഗസാധനയെ പറയും. വിദ്യാമാർഗ്ഗത്തിൽ അധിഷ്ഠിതമായ യോഗസാധനകളും ധർമ്മാചരണങ്ങളും മതനിഷ്ഠകളുമത്രേ ശാസ്ത്രീയം (ശാസ്ത്രസിദ്ധം). ശാസ്ത്രസിദ്ധമായ എല്ലാ വിദ്യാഭ്യാസപദ്ധതികൾക്കും മതാനുഷ്ഠാനങ്ങൾക്കും മൂന്നെണ്ണം അവശ്യം വേണം:—(1) ഗുരു (വിദ്യോപദേഷ്ടാവു്), (2) ശിഷ്യൻ, (3) വിദ്യ (ശാസ്ത്രജ്ഞാനം).

ഈ മൂന്നെണ്ണം അടിസ്ഥാനത്തിലില്ലാതെ, ഒരു വിദ്യാമാർഗ്ഗവും ധർമ്മാചരണവും മതാനുഷ്ഠാനവും ശാസ്ത്രാനുസൃതമായ രീതിയിൽ, മനുഷ്യനു് മംഗളകരമായി, ലോകത്തിൽ പ്രവർത്തിക്കുന്നില്ല; പ്രവർത്തിക്കാവുന്നതുമല്ല. അങ്ങനെ പ്രവർത്തിക്കുന്ന എല്ലാ മതങ്ങൾക്കും എല്ലാ ധർമ്മപഥങ്ങൾക്കുമുണ്ട് ഈ മൂന്നെണ്ണമെന്നു സാരം.

ലോകത്തിൽ ശ്രേയസ്കാമന്മാരും തത്ത്വജിജ്ഞാസുക്കളുമായ ശിഷ്യന്മാർ വളരെ ഉണ്ടായിട്ടുണ്ട്, ഇന്നുമുണ്ട്, ഇനിയുണ്ടാകയും ചെയ്യും. അതുപോലെതന്നെ, ശിഷ്യാനുഗ്രഹകാരികളായ ഗുരുക്കന്മാരും അവരാൽ ഉപദേശിക്കപ്പെട്ട ധർമ്മശാസ്ത്രങ്ങളും ലോകത്തിൽ വളരെയുണ്ടായിട്ടുണ്ട്, ഇന്നുമുണ്ട്, ഇനി ഉണ്ടാവുകയും ചെയ്യും. നിരവധിയാണു് ധർമ്മ (മത) പഥങ്ങൾ; യോഗനിഷ്ഠമായ വിദ്യാമാർഗ്ഗങ്ങൾ. ഓരോന്നിനുമുണ്ട്, അതതിന്നടിസ്ഥാനമായ ത്രികം. ഗുരുത്രികം, വിദ്യാത്രികം, ധർമ്മത്രികം, തീർത്ഥത്രികം, വിശുദ്ധത്രികം, ദിവ്യത്രികം, ശുഭത്രികം, ശിവത്രികം എന്നിങ്ങനെ വിഭിന്നസംജ്ഞകളിൽ അറിയപ്പെടുന്ന ഈ ത്രികത്തിനു്

With the Best Compliments from:

# P.M.K.&SONS

**ENGINEERS & CONTRACTORS**

OORAMPALLIL

MUNDAKKAL, QUILON-1

Grams: 'PEEYEMKAY

Phone: Off: 3679

Res: 3375

# METRO ENGINEERING WORKS

ENGINEERS & CONTRACTORS

★

Specialists in Reconditioning
Automobile & Marine Engines

Phone: Off: 2796

TRIVANDRUM ROAD

**QUILON - 691001**

ഓരോ ഗുരു പാരമ്പര്യത്തിലും, ഓരോ ശാസ്ത്രത്തിലും, ഓരോന്നാണ് പരിഭാഷ. ഓരോ ശാസ്ത്രവും ഉപദേശിക്കപ്പെട്ട ദേശകാലങ്ങളുടെ ഭേദം നിമിത്തം വന്നിട്ടുള്ളതാണീ ഭാഷാഭേദമെന്നറിയണം. ഉദാഹരണത്തിനു്:—

ഗുരു—ശിഷ്യൻ—വിദ്യ എന്നു സാമാന്യമായി അറിയപ്പെടുന്ന ത്രികത്തിനു് വേദാഗമശാസ്ത്രങ്ങളിൽ, 'ദേവതാ—ഋഷി—ഛന്ദസ്സ്''—എന്നാണു് സങ്കേതം. അതു തന്നെയാണു് മഹാഭാരതത്തിൽ 'നാരായണൻ—നരൻ—സരസ്വതി' ആയി ശ്രവിക്കപ്പെടുന്നതു്. ഭാഗവതത്തിൽ 'ഭഗവാൻ—ഭക്തൻ—ഭാഗവതം' എന്നും, ബൗദ്ധാഗമങ്ങളിൽ 'ബുദ്ധൻ—സംഘം—ധർമ്മം' എന്നും, ക്രൈസ്തവധമ്മത്തിൽ പിതാവ്—പുത്രൻ—റൂഹാദകുദിശ (പരിശുദ്ധാത്മാ) എന്നും പറയപ്പെടുന്നതു് ശാസ്ത്രീയമായ ഈ ഗുരുത്രികമല്ലാതെ മറെറാന്നുമല്ല. (ഈ വിഷയത്തെപ്പററി ഏതല്ലേഖകകൃതമായ ക്രൈസ്തവധർമ്മത്രികം എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതു് നോക്കുക.)1

ശാസ്ത്രാധിഷ്ഠിതമായ മാർഗ്ഗത്തിൽ ലോകാനുഗ്രഹകരമായി പ്രവത്തിച്ചിട്ടുള്ളതും ഇന്നു പ്രവർത്തിച്ചു വരുന്നതുമായ എല്ലാ ധമ്മപഥങ്ങൾക്കുമുണ്ടു് അതിൻെറ പ്രത്യേകമായ ധമ്മത്രികം. അതേപ്പററി വ്യക്തമായ പ്രതിപാദനമില്ലാത്തതോ അറിയപ്പെടാത്തതോ ആയ ഒന്നു് ധമ്മത്തിൻെറയും മതത്തിൻെറയും പേരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ,അതു് ശാസ്ത്രാധിഷ്ഠിതമോ മനുഷ്യനു ശ്രേയസ്കരമോ ആയിട്ടുള്ളതല്ലെന്നറിയേണ്ടതാകുന്നു. ആകയാൽ ഒരുവൻ ഏതൊരു ധമ്മപഥം അനുസരിക്കുന്നവനായാലും ശരി, അവൻ സ്വധമ്മത്രികത്തിൻെറ പൊരുൾ അവശ്യം അറിഞ്ഞിരിക്കണം. അറിയുന്നില്ലെങ്കിൽ അവൻെറ ആചരണം, അജ്ഞാന ചോദിതമായ മിഥ്യാചാരമായിട്ടേ പരിഗണിക്കാൻ കഴിയൂ.

(തുടരും)

1 Refer: ക്രൈസ്തവധർമ്മത്രികം — ആഷദാരത ദശനത്തിൽ'' തൃശൂർ—വിവേകാനന്ദ വിജ്ഞാന ഭവന പ്രസിദ്ധീകരണം. പേജ് 136.

**നിങ്ങൾ പ്രതീക്ഷിക്കുന്ന എല്ലാ സൗകര്യങ്ങളും നിങ്ങൾക്കു് നൽകുന്ന ഒരു ബാങ്കു് നിങ്ങൾ അന്വേഷിക്കുന്നില്ലേ?**

**ഫെഡറൽ ബാങ്കു് — അതാണു് അതിനുത്തരം.**

## നിങ്ങളുടെ പ്രത്യേകാവശ്യം പരിഗണിച്ചു് ക്രമപ്പെടുത്തിയ ഞങ്ങളുടെ നിക്ഷേപ പദ്ധതികൾ

നിങ്ങളുടെ സാമ്പത്തിക സ്ഥിതിയ്ക്കും ആവശ്യത്തിനും അനുയോജ്യമായ പദ്ധതികൾ. കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, വാർദ്ധക്യകാല പെൻഷൻ—മററെന്താണു് നിങ്ങളുടെ ആവശ്യം? ഇപ്പോൾ ഏതു പദ്ധതി തിരഞ്ഞെടുക്കണമെന്നു് തീരുമാനിക്കാൻ വിഷമമുണ്ടോ? സാരമില്ല. ഫെഡറൽ സേവിംഗ്സ് ഫണ്ടിൽ ഉടനെ ചേരുക. അതു വേണ്ട ആനുകൂല്യങ്ങൾ നൽകുന്ന ഒരു പദ്ധതിയാണു്. അഞ്ചു കൊല്ലത്തിനകം നിങ്ങൾക്കിഷ്ടമുള്ള പദ്ധതി തിരഞ്ഞെടുക്കുക. നിങ്ങളുടെ ഇടക്കാല നിക്ഷേപം പൂർവ്വകാല പ്രാബല്യത്തോടെ തിരഞ്ഞെടുത്ത പദ്ധതിയിലേക്കു് വിനിയോഗിക്കാവുന്നതാണു്. ഇതിൽ കൂടുതൽ എന്തു സൗകര്യമാണു് ആരെങ്കിലും നിങ്ങൾക്കു് ചെയ്തു തരുന്നതു്? ഇതിൽ കൂടുതൽ എന്തു സൗകര്യമാണു് നിങ്ങൾക്കു വേണ്ടതു്? പറയൂ, അതു സൗകര്യപ്പെടുത്താമോ എന്നു് ഞങ്ങൾ പരിശോധിക്കാം.

ഏററവും അടുത്ത ഫെഡറൽ ബാങ്കു് ബ്രാഞ്ചിലെ മാനേജരെ കാണുക.

# ദി ഫെഡറൽ ബാങ്കു് ലിമിറററഡ്

**രജി. ഓഫീസ്: ആലുവാ (കേരള)**

# ദർശനം

## മൈത്രേയൻ

സാക്ഷിസ്വരൂപവും ''ഇപ്പോൾ'' ''ഇവിടെ''യുടെ സമ്മിളിതസ്ഥാനവും നിമിഷവുമാണ് സത്യം. സത്യത്തിൽ നിഹിതമായിരിക്കുന്ന, ധ്രുവത്തോളം വ്യത്യസ്തമെന്നു തോന്നിക്കുന്ന, ഈ അവസ്ഥകൾ വാസ്തവത്തിൽ രണ്ടവസ്ഥകളല്ല. ഒന്നിനെ മനസ്സിലാക്കാൻ പോയപ്പോൾ ഉപയോഗിച്ച സമ്പ്രദായക്രമമനുസരിച്ച് ഉളവായ അനുഭവങ്ങളാണ്. വിശ്ലേഷണം ചെയ്തു മനസ്സിലാക്കാൻ ശ്രമിച്ചാൽ സത്യം ഇക്കാണുന്നതൊന്നുമല്ല, ഇതിൽനിന്നെല്ലാം ഭിന്നമായ നിർവ്വികാരമായ സാക്ഷിസ്വരൂപമാണെന്ന അനുഭവം ഉണ്ടാകും. ''ഇപ്പോളി''ന്റെ ആഴത്തിലേക്കും ''ഇവിടെ''യുടെ വിശാലതയിലേക്കും ഇറങ്ങിച്ചെന്നു നിറഞ്ഞാൽ ഈ പ്രപഞ്ചത്തിലോരോ തരിമണലും സത്യസ്വരൂപമായി മാറും. ഒരു നാടകമോ, ചിത്രമോ കണ്ട് ആസ്വദിക്കുന്നതുപോലെ പ്രപഞ്ച ഗതീയതയെ കണ്ടാനന്ദിക്കുവാൻ ''സാക്ഷി'' സാദ്ധ്യമാക്കുമ്പോൾ; പൊട്ടിച്ചിരിച്ച് അട്ടഹസിച്ച് ആനന്ദ നർത്തനമാടാൻ ''ഇവിടെ ഈ നിമിഷത്തിന്റെ ഉണ്മ'' സാദ്ധ്യമാക്കും. ഒരു സത്യാന്വേഷിക്കു തന്റെ ഗുരു അദ്ദേഹത്തിന്റെ ദർശനം വ്യക്തമാക്കുമ്പോൾ ഈ സമ്പ്രദായത്തിലേതെങ്കിലുമൊന്ന് ഉപയോഗിക്കുകയാണ് പതിവ്. പക്ഷെ, സത്യദർശിയായിരിക്കുന്ന ഗുരുവിന്റെ അനുഭവം ഈ വ്യത്യാസങ്ങൾക്കതീതമാണ്. ഒററയടിക്കതു 'സാക്ഷി'യും 'ഇവിടെ'യും ഈ 'നിമിഷവു'മാണ്. 'ബ്രഹ്മസത്യം ജഗൻമിഥ്യ' എന്നു പറയുമ്പോഴും 'ജ്ഞാനിക്ക് സത്തുലകും ചിത്ത് സുഖസ്വരൂപ'മെന്നു പറയുമ്പോഴും മേൽപറഞ്ഞ രണ്ടു സമ്പ്രദായങ്ങളെ അടിസ്ഥാനപ്പെടുത്തി അന്വേഷിച്ചപ്പോഴുണ്ടായ അനുഭവങ്ങളാണ് വ്യക്തമാക്കിയിരിക്കുന്നത്. ആധുനിക സയൻസ് ആററത്തിന്റെ സ്ഥാനവും (position) ഗതിയും (momentum) ഒന്നിച്ച് മനസ്സിലാക്കുവാൻ

Vaidyaratnam P.S. Varier's

**KOTTAKKAL ARYA VAIDYASALA BRANCH**

Statue Road: Trivandrum

WORKING HOURS

| | | |
|---|---|---|
| CONSULTATION | : | 8 A.M. to 2 P.M. & 4 P.M. to 7.30 P.M. (Sunday: 8 A.M. to 2 P.M.) |
| DISPENSING | : | 8 A.M. to 8 P.M. (Sunday Holiday) |

Gurujayanthi Greetings!

**HOTEL KARTHIKA & ROHINI**

P.B. No. 82
**QUILON-691001**

Telex: KART 284
Cable: KARTHIKA
Phone: 3760 to 3764
Office: 2791

**S.N. INSTITUTE OF COMMERCE**

SREEKARIAM & MEDICAL COLLEGE JUNCTION

Typewriting and Shorthand — English & Malayalam

Job works neatly executed.

**AJANTHA & SIMLA**
**BAKERS & COOL DRINKS**

PUTHENCHANTHA
VARKALA

Garden parties arranged at moderate rates.

**Prop. P.V. Prabhakaran**

സാധിക്കുകയില്ല എന്നു പറയുന്നിടത്തും ഈ വൈരുദ്ധ്യം തന്നെയാണു് വ്യക്തമാക്കുന്നതു്. വേദാന്തി ഊന്നിറങ്ങിയ ആഴമോ അവൻ വികസിച്ച പരപ്പോ ആധുനിക ശാസ്ത്രം കൈവരിച്ചിട്ടില്ലാത്തതിനാൽ ഈ പ്രഹേളികയിൽ നിന്നും അവർക്കിതുവരെ മുക്തമാകുവാൻ കഴിഞ്ഞിട്ടില്ല. സ്വന്തം അന്തരംഗത്തിൽ സാദ്ധ്യമാക്കിത്തീർക്കേണ്ട വാഗതീതമായ ഒരനുഭവമാണതു്. ജീവിതം അവതരിപ്പിക്കുന്ന ഏതു പ്രഹേളികയും ഈ അനുഭവത്തിൻെറ മുമ്പിൽ സൂര്യകിരണങ്ങളേററ മഞ്ഞുപോലെ ഉരുകി ഒലിച്ചുപോവും. ഇരിക്കുന്നിടത്തു നിന്നിളകാതെ, യാതൊന്നും ചെയ്യാതെയും ചിന്തിക്കാതെയും നേടാവുന്ന ഏക അനുഭവമുണ്ടെങ്കിൽ അതിതാണു്. അയന്ത ലളിതമായ ഈ അനുഭവത്തെപ്പററി മനുഷ്യനുണ്ടായ കാലം തൊട്ടു പറഞ്ഞിട്ടും എഴുതിയിട്ടും തീർന്നിട്ടില്ല എന്നുള്ളതാണു് ഏററവും രസകരം. ആ രസത്തിൻെറ ഒരു ടിപ്പണിയാണു് എൻെറ ഈ വാക്കുകളും.

★

ഒരു വീടിനാവശ്യമായ എല്ലാ ഗൃഹോപകരണങ്ങളും

എല്ലായ്പ്പോഴും ലഭിക്കുന്ന വർക്കലയിലെ ഏക സ്ഥാപനമാണു്

ഐ. എസ്. ഇൻററർനാഷണൽ

ഫെഡറൽ ബാങ്ക് ബിൽഡിംഗ്, മൈതാനം, വർക്കല

മേൽത്തരം കമ്പനിക്കാരാൽ നിർമ്മിതങ്ങളായ ഫാൻ, റേഡിയോ, തയ്യൽ മെഷീൻ, ഓവർലോത്, വാച്ച്, ടൈംപീസ്, ക്ലോക്ക്, ഇലക്ട്രിക് ഗൃഹോപകരണങ്ങളായ ഗ്രൈൻറർ–കം–മിക്സർ, ഹീററർ, അയൺ, ബേക്കിംഗ് അവൻ, റേബിൾ ലാമ്പ്, വാട്ടർ ഹീററർ കുക്കിംഗ് റേഞ്ച്, ഫാൻസി ലാമ്പുകൾ, ക്രോക്കറീസ്, ഗ്ലാസ് വെയേഴ്സ്, പ്ലാസ്റ്റിക് സാധനങ്ങൾ, റെഫ്രിജറേററർ പ്രഷർകുക്കർ, റൈസ്കുക്കർ കൂടാതെ നിങ്ങളുടെ ഏവരുടെയും അഭിരുചിക്കിണങ്ങിയ എല്ലാതരത്തിലുമുള്ള പ്രസൻേറഷൻ സെററുകളും ഏതു സമയത്തും വാങ്ങാവുന്നതാണു്.

Phone: 33

# BABU ELECTRICALS

KALLAMBALAM-695605

TRIVANDRUM (Dist.)

ELECTRICAL & PLUMBING CONTRACTORS

AUTHORISED DEALERS IN:

CROMPTON MOTORS AND PUMPS, KIRLOSKAR JET PUMPS

VOTA MOTORS AND PUMPS.

ഏററവും ശാസ്ത്രീയമായി തയ്യാർ ചെയ്യപ്പെട്ട

## വെൽവാഷ് സോപ്പ്

കൂടാതെ വേപ്, കേരള കോൾട്ടാർ, കേരള സാൻഡൽ എന്നീ സോപ്പുകളുടെയും വർക്കലയിലെ വിതരണക്കാർ:-

★ അശോകാ സ്റേറാർ ★

പാലച്ചിറ, വക്കല. ഫോൺ: 256

Phone: 761

GRAM: MUTHODAM

MUTHODAM

# AUTO CENTRE

&

# MILL STORES

Beach Road, Quilon-691 001.

Dealers in:

Ambassador, Fiat, Std. 10.

Std. 20 Diesel, Jeep Petrol & Diesel, Tempo, Matador Spares, Bearing & Tools, Winding Wires, Welding Accessories. Diesel Engine Spares & General Engineering Goods.

# ഓർമ്മകളിൽ

## കമാൽ വെള്ളിമാടുകുന്ന്

ആരോ ആലും നോക്കിയിരുന്നു
ആലിൻ നെറുകയിൽനിന്നുമൊരാലില
വന്നു പതിച്ചതു്,
മൗനത്തിൻ മഞ്ഞുരുകിയൊലിച്ചതു്
ഓർമ്മകൾതൻ നാമ്പുകൾ നീണ്ടുനിവർന്നതു്,
അച്ചുരുൾമുടിയും
ഒത്തിരി പ്രേമത്തിൻെറിതിളും
ആലിൻപഴവും നിഴലും
ഞാനും നേരും കാലവുമെല്ലാം.........
അങ്ങിനെ
കാലത്തിൻെറ ചെതുമ്പൽ
പുതച്ചു മരിക്കും
ആലിൻതറയും വേരും
മുട്ടു മടക്കിയ വേട്ടം
ഇന്നെൻ ചിന്ത തിരക്കിയ രാവും
സന്ധ്യയുമെല്ലാമൊത്തിരി നേരം......
ഒടുവിലൊരായിരമായിരമേകാന്ത
തയുടെ നെടുവീർപ്പുകളും
ഞാനും ദുഃഖമൊതുക്കിയ നീയും
അന്നൊരു നാൾ
മഴയുടെ ലാളന ആലിലപൂകിയ നേരം
എൻ ഹൃദയവുമീ മൗനവുമാലിൻ വേടിൽ
നിമിഷപ്പൂവുകളൊന്നിൽ
നീണ്ട തപസ്സു രചിച്ചു കിടന്നു......
പിന്നെപ്പിന്നീ ആൽത്തറ പറയും
ഓമൽകഥകളിലൊന്നിൽ

(ശേഷം 280-ാം പേജിൽ)

With Best Compliments from:

Phone: Off: 325
Res: 255

Grams: ESSAR

## S. R. AUTO INDUSTRIES

Varkala-695 141

For all type of machining and repairing jobs.

Grams: LEKSHMI

Phones: Off: 325
Res: 255

## LEKSHMI ENGINEERING CORPORATION

**Varkala-695141**

For fabrication and erection of all types of steel structures & steel doors and windows, steel furniture etc.

Grams: ESSAR

Phone: Offi: 325
Resi: 255

For retreading and recaping of all sizes of tyres please contact:

## LEKSHMI TYRES


VARKALA

നാരായണഗുരു

# അദ്വൈതദീപിക

## വ്യാഖ്യാനം: നിത്യചൈതന്യയതി

വിവ: മുനി നാരായണപ്രസാദ്



19

കാണുന്നു കണ്ണിഹ തുറക്കി,ലടങ്ങിലന്ധൻ–
താനു,ള്ളിൽ മേവുമറിവിങ്ങു വരായ്കയാലേ
ജ്ഞാനം പുറത്തു തനിയേ വരികില്ല കണ്ണു
വേണം വരുന്നതിനു, കണ്ണിനു കാന്തിപോലെ.



# ANILA

**SIDDHA VAIDYASALA**

Near Rly. Station
Varkala

Vaidyar: **M.A. KARIM**
(Reg. No 802)

**A. SHREEFA BEEGAM**
(Reg. No. 999)

**വിശേഷഔഷധങ്ങൾ** : വാതസർവ്വാംഗതൈലം
ബാലവാതസർവ്വാംഗം
കായത്തിരുമേനി എണ്ണ
കാസിനീവായൂലേഹ്യം

---

With Best Compliments from

# ATTINGAL NURSING HOME

ATTINGAL & KALLAMBALAM

**Dr. N. MURALEEDHARAN B.Sc, M.B.B.S**

Phone: 243

---

Best Compliments from

# S.R.M. TEXTILES

KALLAMBALAM

**പുതുമയുള്ള വസ്ത്രങ്ങൾക്കും വിവാഹസാരികൾക്കും**

Authorized Dealers for
Bombay Deying & Gwallior Suitings.

| | | |
|---|---|---|
| കാണുന്നു കണ്ണിഹ തുറക്കിൽ | = | കണ്ണു തുറന്നു നോക്കിയാൽ എല്ലാം കാണുന്നു. (ജിജ്ഞാസയോടുകൂടി അന്വേഷിച്ചാൽ മാത്രം സത്യം കണ്ടെത്തുന്നു.) |
| അടയ്ക്കിൽ അന്ധർ താൻ | = | കണ്ണടച്ചിരുന്നാൽ ഒന്നും കാണുന്നില്ല. (സത്യത്തെ അറിയാനുള്ള തൃഷ്ണ ഇല്ലാതിരുന്നാൽ സത്യം ഉണ്ടെന്നു പോലും അറിയാതെ നാം അ  രായിരിക്കും.) |
| ഉള്ളിൽ മേവും അറിവിങ്ങു വരായ്കയലേ. | = | കാരണം, ഉള്ളിലുള്ള അറിവ് പുറമേ വ്യാപരിക്കുന്നതിനുള്ള അവസരം നിഷേധിക്കപ്പെട്ടിരിക്കുന്നു. |
| ജ്ഞാനം പുറത്തു തനിയേ വരികില്ല | = | നമ്മുടെ സ്വരൂപം ജ്ഞാനം തന്നെയാണെങ്കിലും അതു സ്വയം വെളിപ്പെടുന്നില്ല. |
| കണ്ണു വേണം വരുന്നതിനു | = | അതു പ്രകടമാകണമെങ്കിൽ അതിനെ അന്വേഷിക്കുന്ന കണ്ണു വേണം. |
| കണ്ണിനു കാന്തിപോലെ | = | കണ്ണുകൊണ്ടു ഒരു ബാഹ്യവസ്തുവിനെ കാണുന്നതിനു് പ്രകാശം കണ്ണിൽ പതിക്കേണ്ടതു് ആവശ്യമായിരിക്കുന്നതു പോലെ. |

മനുഷ്യൻ വെറും സാഹചര്യത്തിന്റെ സൃഷ്ടി മാത്രമാണോ? അതോ, തന്റെ ഇഷ്ടത്തിനൊത്ത ഒരു ലോകത്തിനു രൂപം നല്കാനുള്ള കരുത്തും സ്വാതന്ത്ര്യവും അവനുണ്ടോ? ആദ്യത്തെ നിലപാടനുസരിച്ചു് എല്ലാം വിധികല്പിതമാണു്. എല്ലാം തീരുമാനിക്കുന്നതു് ഈശ്വരനാണു്. മനുഷ്യനു് അതിൽ യാതൊരു പങ്കുമില്ല. നേരേ മറിച്ചു്, തന്റെ ജീവിതം ഏതു രീതിയിലായിരിക്കണം എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ടെങ്കിൽ, മനുഷ്യൻ തികച്ചും ഇച്ഛാസ്വാതന്ത്ര്യമുള്ളവനായി. ഇവിടെ നമ്മുടെ പഠന ലക്ഷ്യം മനുഷ്യൻ വിധിക്കു് വിധേയനാണോ, ഇച്ഛാസ്വാതന്ത്ര്യമുള്ളവനാണോ എന്ന തർക്കത്തിനു് തീരുമാനമുണ്ടാക്കുകയല്ല എ

''പ്രജാനാമേവ ഭൂത്യർത്ഥം
സതാഭ്യോ ബലിമഗ്രഹീത്''

★

പ്രജകളുടെ ഐശ്വര്യത്തിനും പുരോഗതിക്കും വേണ്ടി പണ്ടുകാലത്ത് ഭരണാധികാരകൾ അവരിൽ നിന്നു തന്നെ നികുതി സ്വീകരിച്ചു. ഇന്നു നികുതി മുഖേനയല്ലാതെ ജനങ്ങളിൽ നിന്നും പണം സ്വീകരിച്ച് അനേകായിരം മടങ്ങായി അവർക്കു തന്നെ നൽകുന്നു.

# കേരള സംസ്ഥാന ഭാഗ്യക്കുറി

രണ്ടു രൂപ മുടക്കിയാൽ നിങ്ങൾക്കും ലക്ഷം ലക്ഷം രൂപ സമ്മാനമായി ലഭിക്കുന്നതിന് അവസരമുണ്ടാകുന്നു. ജനക്ഷേമ പരിപാടികളിൽ നിങ്ങൾ പങ്കാളികളാവുന്നു.

ഗ്രാം: KERLOT
ഫോൺ: 65230/651 3

**ഡയറക്ടർ**
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം 695001

ന്നതു് മറന്നുപോകാൻ പാടില്ല. പരമമായ സത്യത്തെ എങ്ങനെ സാക്ഷാത്കരിക്കാൻ കഴിയും? അതാണു് നമ്മുടെ ലക്ഷ്യം. ജിജ്ഞാസുക്കളായിട്ടു് അദ്ധ്യാത്മസരണിയിൽ കടക്കുന്നവർക്കേൾക്കാനിടവരുന്ന വാക്കുകളാണു്, ''അധികാരിഭേദം'', ''സാധനചതുഷ്ടയം'', ''ഭൂമികകൾ'', ''ഗുരുകൃപ'', ''ജ്ഞാനലബ്ധി'', ''ദൈവാനുഗ്രഹം'' എന്നിങ്ങനെയുള്ളവ. സത്യം കണ്ടെത്തുന്നതിനു് അന്വേഷകനായ സാധകൻെറ ഭാഗത്തുനിന്നുണ്ടാകേണ്ട യത്നത്തിൻെറ കാര്യമാണു് 'അദ്വൈതദീപിക'യിലെ ഈ അവസാന ശ്ലോകത്തിൽ ഗുരു വ്യക്തമാക്കുന്നതു്. ഈ കൃതി ആരംഭിച്ചതു്, പേരു്, പ്രതിഭ, വിഷയം എന്നീ മൂന്നംശങ്ങൾ ചേർന്നുള്ള ഈ പ്രപഞ്ചഘടനയുടെ ഒരു ചിത്രത്തോടുകൂടിയാണു്. ഈ പ്രപഞ്ചത്തെ മുഴുവൻ വിഷയമാക്കി നിറുത്തിയിട്ടു് അതിനെ കാണുന്ന ദൃക്കായിട്ടു് പ്രമാതാവിനെ വച്ചു. എന്നിട്ടു് പ്രമേയമായ വിശ്വത്തെയും പ്രമാതാവിനെയും ഏകമായി കാണുകയും, കാണുന്ന ദൃക്കിൽനിന്നു് വിട്ടൊരു നിലനില്പ് ദൃശ്യപ്രപഞ്ചത്തിനില്ലെന്നതുകൊണ്ടു് പ്രപഞ്ചത്തിനു് അതിൻേറതായ അസ്തിത്വമില്ലെന്നു തീരുമാനിക്കുകയും ചെയ്തു.

ഈ അവസാനത്തെ ശ്ലോകത്തിൽ ഗുരു ആ കണ്ണിലേക്കു തന്നെ മടങ്ങിപ്പോകുന്നു. ഈ പ്രപഞ്ചത്തിൻെറ ദ്രഷ്ടാവു് എന്ന നിലയിലും സത്യാന്വേഷണം നടത്തുന്ന അറിവെന്ന നിലയിലും ഈ കണ്ണിനു് രണ്ടു വശങ്ങളുണ്ടു്. കാണുക എന്നതും നോക്കുക എന്നതും തമ്മിൽ വ്യത്യാസമുണ്ടു്. സ്വപ്നം കണ്ടുകൊണ്ടു കിടക്കുമ്പോൾ പലതും കണ്ടെന്നു വരും. അതൊന്നും സ്വന്തം ഇച്ഛക്കനുസരിച്ചു കാണുന്നതല്ല. അത്തരത്തിൽ കാണുന്നതിനോടു് പ്രത്യേകം താല്പര്യം നാം കാണിക്കുകയോ, അതിനു് ജീവിതത്തിൽ പ്രത്യേകമായ അർത്ഥമുള്ളതായി കരുതുകയോ ചെയ്യാറില്ല. എന്നാൽ, നോക്കുമ്പോൾ കാഴ്ചയുടെ നിലവാരം ഒന്നുകൂടി ഉയരുന്നു. വെറും കാഴ്ചയല്ല; അതിൽ നമ്മുടെ ശ്രദ്ധയുംകൂടി ഉണ്ടു്. അത്തരത്തിലുള്ള ശ്രദ്ധയുള്ളവനു മാത്രമേ ജ്ഞാനലബ്ധിയുണ്ടാവുകയുള്ളു എന്നു ഭഗവദ്ഗീതയിൽ പറയുന്നു (ശ്രദ്ധാവാൻ ലഭതേ ജ്ഞാനം). അറിയാനുള്ള അടക്കാനാവാത്ത ആഗ്രഹവും ദത്താവധാനതയും ചേർന്നാലേ ശ്രദ്ധയാകുന്നുള്ളു. വേദാന്തത്തിൽ അറിവിൻെറ ഉറവിടത്തോടുണ്ടാകുന്ന വിശ്വാസപൂർവകമായ ആഭിമു

# മാവേലി സ്ററോറുകൾ

ഓണക്കാലത്ത് വിലക്കയററം
നിയന്ത്രിച്ചു നിർത്തുന്നു.

32 അവശ്യവസ്തുക്കൾ
നിശ്ചിത വിലയ്ക്ക്
കൃത്യമായ അളവിൽ
ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

മാവേലി സ്റ്റോറുകൾക്കു പുറമേ
റേഷൻ കാർഡുടമകൾക്ക് 5 കിലോഗ്രാം
നിരക്കിൽ അരി വിതരണം ചെയ്യാൻ
സംസ്ഥാനമൊട്ടാകെ 1200 കേന്ദ്രങ്ങൾ.

പൊതുവിതരണ സംപ്രദായത്തിൽ
കേരളം കാട്ടുന്ന മാതൃക

---

പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ.

എല്ലാ ഇനം പുതിയ ടയറുകൾക്കും

# പി. കെ. ആർ. ടയേഴ്സ്

★

ബ്രാഞ്ച്–വർക്കല
H. O. വക്കം
Phone: 24 & 72

★

അംഗീകൃത വ്യാപാരികൾ

ജെ. കെ, മോഡി, ഇൻഡ്യാ സൂപ്പർ

ഖ്യമാണ് ശ്രദ്ധ. അറിവിൻെറ ഉറവിടത്തെ ശാസ്ത്രമെന്നോ, വചനമെന്നോ, ഗുരുവെന്നോ, സത്യമെന്നോ, നന്മയെന്നോ, സൗന്ദര്യമെന്നോ, പരമ്പൊരുളെന്നോ, ദൈവമെന്നോ എന്തു പേരു പറഞ്ഞും വിളിക്കാം. ഇത്തരത്തിലുള്ള ആഭിമുഖ്യം ഉറയ്ക്കുമ്പോൾ അന്വേഷകനും അന്വേഷിക്കപ്പെടുന്നതും തമ്മിലുള്ള, സാധകനും സദ്ധ്യവും തമ്മിലുള്ള, ഒരു യോഗാത്മകമായ ഏകീഭാവം ഉണ്ടാകുന്നു. ജ്ഞാനത്തിൻെറ അന്തിമമായ നില ദ്വൈതങ്ങളെയെല്ലാം നിരാകരിക്കുന്നതാണെങ്കിലും അന്വേഷകൻെറ മാനസികമായ നിലയെ കൂടി ഗുരു ഇവിടെ കണക്കിലെടുക്കുന്നു. പരമാത്മദർശനമുണ്ടാകുമ്പോൾ വിഗണിക്കപ്പെട്ടുപോകാനിടയുള്ള, അന്വേഷകൻെറ ആത്മസത്തയെ ഗുരു ഇവിടെ പുനഃപ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നതു്. അങ്ങനെ നോക്കുമ്പോൾ, ചിന്തയിൽ ഗുരു പുലർത്തുന്ന യോഗാത്മകമായ സൗഷ്ഠവത അനുപമം എന്നുതന്നെ പറയണം. ഗുരു പറയുന്നു, "കാണുന്നു കണ്ണിഹ തുറക്കിൽ, അടയ്ക്കിലന്ധൻ താൻ." തൻെറ സത്യാന്വേഷണ പന്ഥാവിലൂടെ കാലിടറാതെ മുന്നോട്ടു പോകാനുള്ള ഉത്തരവാദിത്വം അന്വേഷകൻേറതു തന്നെയാണെന്നു താല്പര്യം. യേശുക്രിസ്തു പറഞ്ഞു, അന്വേഷിക്കുവിൻ കണ്ടെത്തും, "മുട്ടുവിൻ;തുറക്കപ്പെടും." സത്യാന്വേഷണം അശ്രദ്ധമായ ഒരു കണ്ണോടിപ്പല്ല; ശ്രദ്ധയോടും ശുഷ്കാന്തിയോടും കൂടിയ, കണ്ണു തുറന്നുള്ള നോട്ടമാണ്. 'മുട്ടുവിൻ' എന്നതു കൊണ്ടർത്ഥമാക്കേണ്ടതു് സത്യാന്വേഷകൻ, തൻെറ മാർഗ്ഗത്തിൽ സംഭവിച്ചേക്കാവുന്ന എല്ലാ പ്രതിബന്ധങ്ങളെയും തികഞ്ഞ തിതിക്ഷയോടുകൂടിത്തന്നെ നേരിടാൻ തയ്യാറായിരിക്കണം എന്നാണ്. ക്ഷമയില്ലാത്ത, സുശിക്ഷിതരല്ലാത്ത സത്യാന്വേഷകർ, ഓരോരോ സ്ഥലത്തു ചെന്നു് രണ്ടടി കുഴിച്ചു നോക്കിയിട്ട് എങ്ങും വെള്ളമില്ല എന്നുപറയുന്നവരെപ്പോലെയാണെന്നാണ് ശ്രീരാമകൃഷ്ണപരമഹംസർ പറയുന്നതു്. ഒരേ സ്ഥലത്തു തന്നെ ക്ഷമയോടുകൂടി നിന്നു് വെള്ളം കാണുന്നതുവരെ കുഴിച്ചു നോക്കുകയാണ് വേണ്ടതു്. തമസ്സിനും ജഡതയ്ക്കും വഴങ്ങി പ്രയത്നം ഉപേക്ഷിക്കുന്നവർ ഒരിക്കലും സത്യത്തിൻെറ അമൃതജലം കുടിക്കുകയില്ല. അതുകൊണ്ടു ഗുരു പറയുന്നു, "അടയ്ക്കിലന്ധൻതാൻ."

അതേസമയം, ഒരു ജ്ഞേയവിഷയമെന്ന നിലയിൽ അറിവിനെ ഗുരു കരുതുകയും ചെയ്യുന്നില്ല. ഈ സന്ദർഭത്തെ ഗുരു ഉപ

വീട്ടിലും നാട്ടിലും എന്നും ഓണമാഘോഷിക്കാൻ

## തെങ്ങിനെ രക്ഷിക്കുക

രോഗം ബാധിച്ച പ്രദേശങ്ങളിൽ തെങ്ങിന് അതിവിപുലമായ സംരക്ഷണ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്വീകരിച്ചു വരുന്നു.

ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാററി അവയ്ക്ക് പകരം ഗുണം തികഞ്ഞ പുതിയ തൈകൾ വച്ചു പിടിപ്പിക്കാൻ സാമ്പത്തികസഹായം.

ഓലചീയൽ രോഗം ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ തെങ്ങിന് വ്യാപകമായി മരുന്നുതളി.

ഒരു ഹെക്ടറിന് താഴെ തെങ്ങുകൃഷിയുള്ളവർക്ക് സഹായവിലയ്ക്ക് രാസവളവിതരണം.

തെങ്ങിന് നൽകേണ്ട കുമ്മായവസ്തുക്കൾ 50 ശതമാനം സൗജന്യനിരക്കിൽ ലഭിക്കുന്നതിനുള്ള ക്രമീകരണം.

ജലസേചനത്തിന് പംപ്സെററ് സ്ഥാപിക്കാനും, കിണറുകൾ കുഴിക്കുന്നതിനും മൊത്തം ചെലവിൻെറ 25 ശതമാനം സബ്സിഡി.

തെങ്ങുകൃഷി ശാസ്ത്രീയമാക്കാൻ വേണ്ടുന്ന വിവരങ്ങൾ ലഭിക്കുവാൻ "കേരള കർഷകൻ" ദ്വൈവാരിക തുടർച്ചയായി വായിക്കുക. വാർഷിക വരിസംഖ്യ: 6 രൂപ മാത്രം (24 ലക്കങ്ങൾ)

ഫാം ഇൻഫർമേഷൻ ബ്യൂറോ–കേരള സർക്കാർ.

മിക്കതും അന്ധത അനുഭവപ്പെടുന്ന ഒരുവനോടാണ്. ഇവിടെ പറയുന്ന അന്ധത വെറും ബാഹ്യമായ അന്ധതയല്ല; അജ്ഞാനമാണ്. സ്ഥൂലമായ വസ്തുക്കളെ കാണുമ്പോഴും ആദ്ധ്യാത്മികമായ ഭാവങ്ങളെ ഉള്ളിൽ കാണുമ്പോഴും വാസ്തവത്തിൽ നാം കാണുന്നതു് നമ്മുടെ ഉള്ളിലുള്ളതിനെത്തന്നെയാണ്. നമ്മിൽ ഉള്ളടങ്ങിയിരിക്കുന്ന കഴിവുകൾ തന്നെയാണ് വെളുപ്പിനെയും കറുപ്പിനെയും കൂട്ടിയിണക്കി അർത്ഥവത്തും ഭാവം സ്ഫുരിപ്പിക്കുന്നതുമായ ചിത്രമാക്കുന്നതും, ശ്രുതിയും സ്വരവും താളവും കൂട്ടിയിണക്കി അർത്ഥവത്തായ സംഗീതശില്പമാക്കുന്നതും. നമ്മുടെ ഉള്ളിലുള്ളതു് പ്രകടമാവുകമാത്രമല്ല അതു് അർത്ഥവത്തായി മററുള്ളവർക്കു് അനുഭവപ്പെടാൻ ഉപകരിക്കുക കൂടി ചെയ്യുന്നു. നിങ്ങൾ വെളിയിലേക്കു നോക്കുമ്പോൾ കാണുന്നതു് നിങ്ങളുടെ ഉള്ളിലുള്ളതിനെത്തന്നെയാണെന്നു പറഞ്ഞാൽ അവിശ്വസനീയമായി തോന്നാം. 'ദക്ഷിണാമൂർത്തി സ്തോത്ര'ത്തിൽ ശങ്കരാചാര്യർ പറയുന്നു.

> "വിശ്വം ദർപ്പണദൃശ്യമാനനഗരീ
> തുല്യം നിജാന്തർഗതം
> പശ്യന്നാത്മനി മായയാ ബഹിരിവോദ്
> ഭൂതം യഥാ നിദ്രയാ."

(ഈ വിശ്വം ഒരു കണ്ണാടിയിൽ പ്രതിഫലിച്ചു കാണുന്ന നഗരം പോലെ സ്വന്തം അന്തരംഗത്തിൽ പ്രതിഫലിച്ചു കാണുന്നതാണ് എന്നാലും മായമൂലം ആത്മാവിൽത്തന്നെ വെളിയിൽ ഭവിച്ചു് നിദ്രയിലെന്നതുപോലെ കാണപ്പെടുന്നു.) പുസ്തകം വായിക്കുമ്പോഴും നമ്മുടെ കണ്ണുകൾ കടന്നു പോകുന്നതു് കടലാസിൽ മഷികൊണ്ടുണ്ടാക്കിയിട്ടുള്ള അടയാളങ്ങളുടെ മീതേ മാത്രമാണ്. ആ അടയാളങ്ങളെ നമുക്കു പരിചയമുള്ള ഒരു ഭാഷയിലെ അക്ഷരങ്ങളായി കാണുന്നതും, അർത്ഥം സ്ഫുരിക്കുന്ന പദങ്ങളായി ആ അക്ഷരങ്ങൾ അനുഭവപ്പെടുന്നതും ഒക്കെ, നമ്മുടെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്നതായ സ്മരണകൾ ഉണരുകയും ഊറ്റു നാം വായിച്ചുകൊണ്ടിരിക്കുന്ന വരികളിലേയ്ക്കു പകരുകയും ചെയ്യുമ്പോൾ മാത്രമാണ്. അങ്ങനെ നമ്മുടെ ഉള്ളിലുള്ളതിനെ വെളിയിലേക്കു വിക്ഷേപിച്ചു കഴിഞ്ഞാൽപ്പിന്നെ നാം കടലാസിൽ കാണുന്നതു് കറുത്ത മഷിയടയാളങ്ങളല്ല; അർത്ഥസമ്പൂർണ്ണമായ വാക്കുകളാണ്. ആ വാക്കുകൾ നമുക്കു പ്രചോ

With the Best Compliments From

# M/s COCHIN BAKERY

M. G. Road,

**ERNAKULAM.**

32368

# THE WESTERN MEDICAL STORES

PHARMACEUTICAL DISTRIBUTORS

QUILON-1.

Phone: 3633

Telegram: **MEDICINE**

**ALL MEDICINES UNDER ONE ROOF**
**"SERVICE OUR MOTTO"**

ദനം തരുന്നതായിരിക്കാം. ഈ അർത്ഥവ്യത്യാസങ്ങളെല്ലാം സ്ഫുരിക്കുന്നതു് നമ്മുടെ ഉള്ളിൽ നിന്നു തന്നെയാണു്. അറിവിന്റെ ഈ കർതൃത്വം മർമ്മപ്രധാനമായൊരു വൃത്തി തന്നെയാണു്.

അറിവിന്റെ കർതൃത്വത്തിനു് രണ്ടുവശങ്ങളുണ്ടു്. ഒന്നു് മനസ്സും ഇന്ദ്രിയങ്ങളും ദക്ഷതയും ഇച്ഛാശക്തിയും ഉപയോഗിച്ചുള്ള ഒരു വ്യക്തിയുടെ അറിവിലെ കർതൃത്വം. മറേറതു്, നിജസ്ഥിതിയറിയാനായി അറിവിന്റെ ആകെ സത്ത വ്യക്തിനിഷ്ഠമായ സത്തയെത്തന്നെ കരുവാക്കുന്നതരത്തിൽ സമഷ്ടിഗതമായ അറിവിൽ നിഹിതമായിരിക്കുന്ന കർതൃത്വം. രണ്ടായാലും അറിവിന്റെ സ്വരൂപം അറിയുന്നതിനു് ജ്ഞാനൗത്സുക്യവും മേധാശക്തിയും വിവേചനാശക്തിയും എല്ലാം ജിജ്ഞാസുവിൽ ഒന്നുചേരണം. അത്തരമൊരു സന്ദർഭത്തെ ഉപനിഷത്തുകളിൽ പല തരത്തിൽ ചിത്രീകരിച്ചിട്ടുണ്ടു്. കാലിൽ ഒരു മുള്ളു തറച്ചാൽ അതു് ഊരിയെടുക്കുന്നതിനു് മറെറാരു മുള്ളു് ഉപയോഗിക്കുന്നു. അഴുക്കു പുരണ്ട തുണി വൃത്തിയാക്കുന്നതിനു് മറെറാരഴുക്കു തന്നെയായ സോപ്പു് ഉപയോഗിക്കേണ്ടിവരുന്നു. അതുപോലെ തന്നെ, ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും സഹായത്താൽ നേടുന്ന അറിവു് അവിദ്യയുടെ ഗണത്തിൽ പെടുന്നതാണെങ്കിലും, ആ അവിദ്യയെ നിർമ്മാർജ്ജനം ചെയ്യുന്നതിനു് അതേ അവിദ്യയെത്തന്നെ കരുവാക്കാം. ഗുരു വ്യക്തമായി പറയുന്നു, "ജ്ഞാനം പുറത്തു തനിയേ വരികില്ല." അതായതു്, തന്റെ ഭാഗത്തു നിന്നുള്ള യത്നം കൂടാതെ ഒരിക്കലും ജ്ഞാനം പ്രാപ്തമാകുന്നില്ല. കണ്ണു കാണണമെങ്കിൽ പ്രകാശരശ്മികൾ കണ്ണിൽ വീഴണം എന്നതിനെ ഒരു ഉദാഹരണമായി ഗുരു ഇവിടെ സ്വീകരിച്ചിരിക്കുന്നു. ഒരാൾ ഒരു പൂവിന്റെ സൗന്ദര്യം കണ്ടു് ആസ്വദിക്കുന്നു എന്നിരിക്കട്ടെ. ആ അനുഭവത്തിനു കാരണമായി വാസ്തവത്തിൽ സംഭവിച്ചതു് നാം പൂവ് എന്നു വിളിക്കുന്ന ഒരു വസ്തുവിൽ പ്രതിഫലിച്ച പ്രകാശരശ്മികൾ കണ്ണിൽ പതിച്ചതു മാത്രമാണു്. ബാക്കിയെല്ലാം അയാൾ കൈയ്യിൽ നിന്നിട്ടതാണു്. സത്യാന്വേഷകന്റെയും സ്ഥിതി ഇതു തന്നെയാണു്. സത്യം കണ്ടെത്താനുള്ള ഉത്തരവാദിത്വവും സാദ്ധ്യതയും ഒക്കെ അന്വേഷകന്റെ അന്വേഷണദൃഷ്ടിയെ ആശ്രയിച്ചിരിക്കുന്നു. പ്രകൃതിനിയമത്തിന്റെ കാര്യമെടുക്കാം. ഒരു പ്ര

## HARI WELDING INDUSTRY

Approved by the Govt. of Kerala.

S. S. I. Reg. No. 09/10/04267/PMT

L. M. S. JUNCTION, ATTINGAL.

ഇവിടെ റോളിംഗ് ഷട്ടർ, റോളിംഗ് ഗ്രില്ല്, ഗേററ്, ജന്നൽ പാളികൾ, വരാന്ത അഴികൾ, മൺവെട്ടി, കോടാലി മുതലായ കാർഷികോപകരണങ്ങളും "കൂടാതെ മററു എല്ലാവിധ ഇരുമ്പു ജോലികളും" അററകുററപണികളും കൃത്യസമയത്ത് ഉത്തരവാദിത്തത്തോടുകൂടി ആർഡർ അനുസരിച്ച് ചെയ്തുകൊടുക്കുന്നതാണ്.

Prop: S. HARI PANCHANANAN

---

With the Best Compliments from

# S.N.T. COLLEGE

*Managed by:*

○ **SNG TRUST** ○

Thampanoor
Trivandrum

Estd: 1947
Phone: 65935

K. PONNAN
Principal & Managing Trustee

---

## SEWING MACHINES

and spare parts,

and also all tailoring materials.

**POPULAR STORES**

Palace Road, Kottayam

Phone: 2062 (Shop) and 4878 (Res.)

---

Chathayam Greetings!

# RANGOON Tailors

Phone 60130

**COATS SPECIALISTS**

PALAYAM—TRIVANDRUM

കൃതിനിയമത്തെയടുത്താൽ അതു നീക്കുപോക്കില്ലാത്തവണ്ണം മുൻകൂട്ടി തീരുമാനിക്കപ്പെട്ടതാണെന്നു തോന്നും. എന്നാൽ ഒരു കാരണത്തിൽ നിന്നു ഒരു കാര്യമുണ്ടാകുന്ന രീതിയിൽ മുന്നേറുന്നതല്ല ജീവിതം. ജീവിതത്തിൽ ഒരു കാര്യത്തിനുതന്നെ അനേകം കാരണങ്ങളുടെ പങ്കുണ്ടാകാം. സത്യം, സൗന്ദര്യം, സ്നേഹം എന്നൊക്കെ പറയുന്നതു് യാഥാർത്ഥ്യമായിത്തീരുന്നതിൽ അനേകം കാര്യകാരണങ്ങൾ അന്യോന്യം ചേർന്നിണങ്ങിയിരിക്കുന്നുണ്ടു്. ജീവിതത്തിന്റെ നിഷ്ഠൂരതയിലേക്കു വലിച്ചെറിയപ്പെട്ട ആത്മാവിന്റെ, പ്രതീക്ഷക്കു വകയില്ലാത്ത ഗതിയല്ല സത്യാന്വേഷകന്റേതു്. നേരേമറിച്ചു് ഉദാരതയുടെ പ്രഭവസ്ഥാനമായ പരമാത്മാവിലേക്കുള്ള അന്വേഷകന്റെ കടന്നു ചെല്ലലാണതു്. അവിടെ കടന്നു ചെന്നാൽ സദ്വിചാരങ്ങളുടെ കൂട്ടായ ശക്തി സംജാതമാക്കുന്ന അനുഭൂതി അത്യുത്ഭുതകരം തന്നെയാണു്. അതുതന്നെയാണു് ആത്മസാക്ഷാത്ക്കാരം. ✱

---


# "മാധവ" TONSILOIL

## (ടോൺസിലോയിൽ)

ടോൺസിലൈററസ്, തൊണ്ടവേദന, വിട്ടുമാറാത്ത ജലദോഷം, തുമ്മൽ, പീനസം മുതലായ ഉപദ്രവങ്ങൾക്കു് ഈ എണ്ണ പതിവായി തലയിൽ തേച്ചു കുളിക്കുന്നതുകൊണ്ടു് വളരെ ആശ്വാസം ലഭിക്കുന്നതാണു്.

## "മാധവ" ASTHMOIL ആസ്മോയിൽ

ആസ്ത്മ (വലിവു്) കൊണ്ടു കഷ്ടപ്പെടുന്നവർക്കു് തലയിൽ തേച്ചു കുളിച്ചാൽത്തന്നെ തൃപ്തികരമായ ആശ്വാസം കിട്ടുന്നതാണു്.

## അർശോഹരലേഹ്യം



അർശസ്, മലബന്ധം, അരുചി, വായുക്ഷോഭം മുതലായവ തടഞ്ഞു് ആരോഗ്യവും ഉന്മേഷവും പ്രദാനം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കു് നേരിട്ടെഴുതുക.

**മാധവ ഫർമസ്യൂട്ടിക്കൽ ലാബറട്ടറീസ്,**

മാധവ ഫാർമസി ജങ്ഷൻ

എറണാകുളം. ഫോൺ: 35267

Founder: Sri Poruthiyil Narayanan Vaidyar.

തലസ്ഥാന നഗരി
സന്ദർശിക്കുന്നവർ

ശ്രദ്ധിക്കുക!

സ്വാദിഷ്ടമായ ഭക്ഷണപദാർത്ഥങ്ങൾക്ക്

# ഹോട്ടൽ കണ്ണിമേറ

★

**തമ്പാനൂർ, തിരുവനന്തപുരം**
Tel: 2460

# BOY'S BAKERS'
# MILK BREAD

**ENRICHED WITH VITAMINS**
FULLY MECHANISED UNIT
MANUFACTURERS:
**BOY'S BAKERS**
VARKALA Phone: 312

ചതയദിനാശംസകൾ!

'കല്ക്കട്ട കവിരാജ് NN സെന്നി'ന്റെയും 'ദാബർ കമ്പനി'യുടെയും ബോംബെ ''അഫാലി കമ്പനി''യുടെയും ആയുർവ്വേദ ഔഷധങ്ങൾ മിതമായ വിലയ്ക്കു ഇവിടെ നിന്നും ലഭിക്കുന്നതാണ്.

35 കൊല്ലത്തെ പഴക്കം കൊണ്ട് പ്രശസ്തി ആർജ്ജിച്ചിരിക്കുന്ന ''സദാനന്ദ ഫാർമസി''യുടെ പ്രത്യേക ഔഷധങ്ങളും, ചികിത്സക്കു സന്ദർഭാനുസരണം ആവശ്യമുള്ള മററു ഔഷധങ്ങളും തയ്യാർ ചെയ്തു കൊടുക്കുന്നതാണ്.

R. കുഞ്ഞുകൃഷ്ണൻ വൈദ്യർ
സദാനന്ദ ഫാർമസി, മൈതാനം, വർക്കല

# സ്വർണ്ണക്കുരങ്ങ്

**മുനി**

തവോ ഭിക്ഷുക്കൾ നാലുവശത്തു നിന്നുമായി ഇരച്ചു കയറു മ്പോൾ കുരങ്ങനും മണലിയും സൂകരനും കൂടി അനക്കമില്ലാതെ ഇരി ക്കുകയായിരുന്നു. വ്യാഘ്രബലൻ പറയുന്നതു കേട്ടു: "ഏതോ തെ മ്മാടികൾ ഇവിടെ കടന്നുകയറിയിട്ടുണ്ട്. ഇതാ കണ്ടോ, നിവേദ്യ മെല്ലാം തിന്നുതീർത്തിരിക്കുന്നു." അപ്പോൾ ഹരിണബലൻ പറയു ന്നു, "ഇതു സാധാരണ മനുഷ്യർ തന്നെയാണെന്നു തോന്നുന്നു. ക ണ്ടില്ലേ, പഴങ്ങൾ തിന്നിട്ട് കുരുവെല്ലാം ഇവിടെത്തന്നെ തുപ്പി യിരിക്കുന്നു"? അപ്പോൾ മേഷബലൻ പറയുന്നു, "എനിക്കു തോന്നുന്നതു്, നമ്മുടെ നിവേദ്യം സ്വീകരിക്കാൻ ദേവന്മാർ ത ന്നെ ഇങ്ങു വന്നതാണെന്നാണു്. അതുകൊണ്ടു് നമുക്കു അമൃതജല ത്തിനു വേണ്ടി അവരോടു് പ്രാർത്ഥിക്കാം. രാജാവിൻെറ ആയുസ്സു നീട്ടികൊടുക്കാനും പ്രാത്ഥിക്കാം."

ഇതു കേട്ടുകൊണ്ടിരുന്ന കുരങ്ങനു ചിരി സഹിച്ചില്ല. അ വൻ അവിടെയിരുന്നുകൊണ്ടു് ഉറക്കെ വിളിച്ചു ചോദിച്ചു, "നി ങ്ങളുടെ നിവേദ്യം കഴിക്കാൻ വേണ്ടി ദേവന്മാർ ഇങ്ങിറങ്ങി വന്നു എന്നു വിശ്വസിക്കുന്ന നിങ്ങൾ എത്ര മഠയന്മാരാണു്! ഞ ങ്ങൾ ദേവന്മാരൊന്നുമല്ല. ചീനത്തു നിന്നു വന്ന ബുദ്ധിഭിക്ഷു ക്കൾ മാത്രം. നിങ്ങളുടെ നിവേദ്യമൊക്കെ ഞങ്ങൾ കഴിച്ചു. നി ങ്ങളുടെ രാജാവിനു് ദീർഘായുസ്സു വേണമെങ്കിൽ മററവിടെയെ ങ്കിലും അന്വേഷിക്കണം."

ഇതു കേട്ടപാടേ തവോഭിക്ഷുക്കൾ കൈയ്യിൽക്കിട്ടിയ ആയു ധങ്ങളെല്ലാമെടുത്തുകൊണ്ടു് അവരുടെ നേരേ കുതിച്ചു. ഒരു നി

(ശേഷം 284-ാം പേജിൽ)

(263-ാം പേജിൽ നിന്നും തുടർച്ച)

കുയിലുകൾ പാടി —
പ്രാവുകൾ കുറുകി —
പ്പാറിയ രാഗസ്വരങ്ങളിലൊന്നിൽ
വീണ്ടും ഞാനൊന്നു ലയിക്കേ ...

ആലും ഞാനും ആരോ തന്നൊരു
തേരിലൊരിത്തിരി നേരമിരിക്കും നീയും
അച്ചുതൾമൂടി തൂകും കന്നിപ്പെണ്ണും
വെള്ളക്കുടവും
കൊച്ചു പ്രപഞ്ചവുമീശ്വരനും
എല്ലാമോർത്തു ചിരിക്കുക
ഓർത്തോർത്തു ചിരിക്കുക...
എങ്കിൽ.........!

★


**S.N.V. ആയുർവേദ ആശുപത്രി**

**സ്ററാർ ബിൽഡിംഗ്സ്, കല്ലമ്പലം**

മഞ്ഞക്കാമല, വില്ലൻചുമ, കരപ്പൻ, അർശസ്സ്, വാതം തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഏററവും ഫലപ്രദമായ ചികിത്സ ഉത്തരവാദിത്വത്തോടുകൂടി ലഭിക്കുന്ന ഒരു ആയുർവേദസ്ഥാപനം.

വി. ശിവാനന്ദൻ വൈദ്യർ (മണമ്പൂർ)
(A ക്ലാസ് ആയുർവേദ മെഡിക്കൽ പ്രാക്ടീഷണർ)

**കായത്തിരുമേനി എണ്ണ**

എണ്ണകൾ ഒന്നും പിടിക്കാത്തവർക്കും, കണ്ഠത്തിനു മേലുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും തലയിൽ തേച്ചു കുളിക്കുന്നതിന് ഏററവും ഉത്തമം.

നിർമ്മാതാക്കൾ:-S.K.V. ആയുർവ്വേദ വൈദ്യശാല
ആററിങ്ങൽ

പ്രൊ: N. ശ്രീധരൻ വൈദ്യൻ    ഫോൺ. 472

# ദർശനം

സുനീന്ദ്രകുമാർ

1

പലരോതിയതൊക്കെയും വൃഥാ-
കഥനം മാത്രമതാകയാൽ പരം
പൊരുൾ തേടിയലഞ്ഞിതേ മനം
തെളിയാതങ്ങയെ നോക്കിനില്ക്കവേ,

2

വിമലാശയനാം ഭവാനെ വി-
ട്ടകലാൻ മാനസമിങ്ങു പോന്നിടാ
സ്സുടമായകതാരിലങ്ങതാം
ദ്യുതിയാൽ പാടലവർണ്ണകാന്തിയായ്.

3

പരിപാലിതമാം ജഗത് പ്രഭാ-
വലയം തത്ര വിദൂരവർത്തിയായ്
കനകാഭ കലർന്നു,ദിച്ചിട്ട,-
ന്നുലകം ലാളിതമല്ലി ദർശനാൽ.

4

വെടിയായ്ക ജഗദ്ഗുരോ! പരം
പൊരുളായ് ദർശനമേററുകൊള്ളുവാൻ
തരമാവുകിൽ മററ,ഭീഷ്ടമെ-
ന്തു,തിനല്ലോ മമ നിത്യസാധന.

5

ഫലമെന്തു വിശേഷബുദ്ധിയാ,-
ലിവനോ നേടി വിശിഷ്ടദർശനം
ക്ഷണമാപ്പൊരുളിൻെറ കാന്തിയേ-
ററ,വിടെപ്പാടി നടന്നു തുഷ്ടനായ്.

# 34

## സ്വതന്ത്ര സംവത്സരങ്ങളുടെ

### ഫലവും ഭാവിയും

☐ നവീനവും സ്വയം പര്യാപ്തവുമായ ഒരു സമ്പദ്ഘടനയ്ക്കു് നാം അടിത്തറയിട്ടു.

☐ ഭക്ഷ്യങ്ങളിൽ നാം സ്വയം പര്യാപ്തി നേടി, നമ്മുടെ വ്യവസായങ്ങൾക്ക് വൈവിദ്ധ്യം നൽകി, സാങ്കേതിക രംഗത്തും ശാസ്ത്ര രംഗത്തും വളരെയേറെ മുന്നേറി.

1985 ആകുമ്പോഴേയ്ക്കും


ജനങ്ങളിൽ ആറിലൊന്നു പങ്കിനെക്കൂടി ദാരിദ്ര്യ രേഖയ്ക്ക് മീതെയാക്കുകയും, എല്ലാ പ്രശ്ന ഗ്രാമങ്ങൾക്കും സുരക്ഷിതമായ കുടിനീർ നൽകുകയും.

2000 ആകുമ്പോഴേയ്ക്കും

കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യുകയും, ജനനനിരക്ക് ആയിരത്തിന് 36-ൽ നിന്ന് 21 ആയിക്കുറയ്ക്കുകയും ആണ് നമ്മുടെ ലക്ഷ്യം.

**'ഉദയം വരുന്നുണ്ട്, ഉറച്ചു വിശ്വസിക്കുക'**

(രവീന്ദ്രനാഥ ടാഗോർ)



6

സ്വയ,മഗ്ര്യതപസ്സിനാൽ പരം
പൊരുളായ്ത്തീരുവതാത്മവൈഭവം
അപരാജിതമീ സ്പുരൽ പ്രഭാ
വലയംമേ സുവിദൂരവർത്തിയാം.

7

ലയമേകുവതാത്മദർശനം,
സ്വരസംലാളനമാത്മനാദമാം;
അറിയാപ്പരമാർത്ഥമൊന്നുമേ
പരമാനന്ദ, മതേകുമെപ്പൊഴും.

8

സ്ഫുരിതാഭയിതാ മറഞ്ഞുപോ–
യുരുഗൗരാഭ കലർന്ന വിൺമയം
വ്യഥിതാശയനായ് തളർന്നു ഞാ;–
നടലാൽ–എങ്കിലുമാശ കൈവിടാ.

9

ഫലമൊന്നു നിനച്ചിടാതെ ഞാ–
നിവിടെദ്ധന്യതയാർന്നു നില്ക്കുമേ;
തവ ദർശനമാത്രകാമുകൻ,
പരരാഗങ്ങൾ വഹിച്ചു നില്ക്കുമോ?

10

പിടിവിട്ടകലുന്ന സൂര്യനാ–
യുയരത്തങ്ങനെ മിന്നി നിൽക്കവേ,
തളരാത്ത മനം തരാത്ത നീ–
യകലത്തെങ്കിലു,മെന്നെയൂട്ടണേ!

(279-ാം പേജിൽനിന്നും തുടർച്ച)

മിഷം പോലും കളയാതെ കുരങ്ങൻ മണലിയെയും സൂകരനെയും ചെവിയിൽ തൂക്കിയെടുത്തുകൊണ്ടു് മേഘമണ്ഡലത്തിലേക്കു ഉയർന്നു പോവുകയും ചെയ്തു. അവിടെ നിന്നു് അവർ ത്രിപിടകൻ കിടന്നുറങ്ങുന്ന സ്ഥലത്തെത്തി കിടക്കകളിൽ പോയി കിടപ്പുമായി.

അടുത്ത ദിവസം രാവിലെ വിവരങ്ങളെല്ലാം രാജാവറിഞ്ഞു. ബുദ്ധഭിക്ഷുക്കളുടെ വരവിനെപ്പററി കേട്ടപ്പോൾ രാജാവു കലികൊണ്ടു തുള്ളിപ്പോയി. പക്ഷെ ഒരു മന്ത്രി അദ്ദേഹത്തെ സമാധാനപ്പെടുത്തി, "മഹാരാജാവേ, താംഗ് രാജ്യം ഇവിടെ നിന്നു് പതിനായിരം കാതം അകലെയാണു്. വഴി ദുർഘടം പിടിച്ചതും. എന്നിട്ടും ഇവിടെ എത്തിച്ചേർന്ന ഇവർ സാധാരണക്കാരായിരിക്കുകയില്ല. അവർക്കു് എന്തെങ്കിലും ദിവ്യശക്തി കാണും. അതുകൊണ്ടു് അവരെ കടന്നു പോകാൻ അനുവദിക്കുന്നതാണു് നല്ലതു്."

അങ്ങനെ കുരങ്ങനെയും മണലിയേയും സൂകരനെയും രാജസദസ്സിൽ സ്വീകരിക്കാൻ രാജാവു സമ്മതിച്ചു. അവർ പ്രവേശിച്ചപ്പോൾത്തന്നെ മൂന്നു തവോ ഭിക്ഷുക്കൾ വന്നു് രാജാവിനോടു് ഉണർത്തിച്ചു, "ഈ മൂന്നു പേരും ചേർന്നു് ഇന്നലെ നമ്മുടെ രണ്ടു ശിഷ്യന്മാരെ കൊല്ലുകയും അഞ്ഞൂറു അടിമകളെ മോചിപ്പിക്കുകയും നമ്മുടെ വണ്ടി അടിച്ചോടിക്കുകയും ചെയ്തു. ഇന്നലെ രാത്രിയാകട്ടെ ഇവർ നമ്മുടെ ക്ഷേത്രത്തിൽ കടന്നു കയറി അവിടെയുള്ള നിവേദ്യങ്ങളെല്ലാം കവർന്നു തിന്നുകളഞ്ഞു."

ഇതു കേൾക്കാത്ത താമസം രാജാവു് കോപാക്രാന്തനായി. "ഇവരെ ഇപ്പോൾത്തന്നെ കൊല്ലട്ടെ" എന്നു ആജ്ഞയുമായി.

കുരങ്ങൻ ഇടയ്ക്കു കയറി പറഞ്ഞു, "വരട്ടെ, ഞങ്ങൾ ഇതൊക്കെ ചെയ്തു എന്നതിനു് തെളിവുണ്ടോ? ഞങ്ങൾ കുററം ചെയ്തവരാണെന്നറിഞ്ഞെങ്കിൽ അപ്പോൾ അവിടെ വച്ചു തന്നെ ഞങ്ങളെ ബന്ധനത്തിലാക്കേണ്ടതായിരുന്നു. തെററുകൾ എവിടെയും ധാരാളം നടക്കുന്നുണ്ടു്."

ഇതു കേട്ടപ്പോൾ രാജാവു് വീണ്ടും ആശയക്കുഴപ്പത്തിലായി, അങ്ങനെ, എന്തു ചെയ്യണമെന്നറിയാതെ രാജാവു് ആലോചനാമ

ന്നായിരിക്കുമ്പോഴാണ് രാജ്യത്തിലെ ഗ്രാമങ്ങളിൽ നിന്നു് ഏതാനും പരാതിക്കാർ വന്നതു്. ഉടൻ തന്നെ മഴ പെയ്തില്ലെങ്കിൽ നാട്ടു നശിച്ചുപോകും എന്നതാണ് അവരുടെ പരാതി.

ഇതു കേട്ടപ്പോൾ രാജാവിനു സന്തോഷമായി: "ഒരു മഴ വരുത്തൽ മത്സരം തന്നെ വച്ചുകളയാം; നിങ്ങളും ചിരഞ്ജീവികളും തമ്മിൽ. നിങ്ങൾ ജയിച്ചാൽ നിങ്ങളെ സ്വതന്ത്രരാക്കാം. ജയിച്ചില്ലെങ്കിൽ അതു തന്നെയാണ് നിങ്ങളുടെ അവസാനം"

മത്സരത്തിനു വേണ്ടി ഒരു പൂജാവേദിയൊരുക്കി. രാജാവു് ഉള്ളിൽ പോയി ഒരു കിളിവാതലിൽ കൂടി എല്ലാം കണ്ടുകൊണ്ടിരുന്നു. തുടങ്ങിയതു് ഹരിണബലൻ എന്ന ചിരഞ്ജീവിയാണു്. കുരങ്ങൻ പറഞ്ഞു, "അങ്ങ് എന്താണ് പ്രാർത്ഥിക്കാൻ പോകുന്നതെന്നു് മുൻകൂട്ടി പറയണം. അല്ലെങ്കിൽ ഞങ്ങളെങ്ങനെ അറിയും, പ്രാർത്ഥിച്ചതു തന്നെയാണോ സംഭവിക്കുന്നതെന്നു്?"

ഇതു കേട്ടപ്പോൾ രാജാവിനു് കുരങ്ങനെപ്പററി അല്പം മതിപ്പു തോന്നാതിരുന്നില്ല. ഹരിണബലൻ പറഞ്ഞു, "ശരി. ഞാൻ നാലു പ്രാവശ്യം വിളിക്കും. ആദ്യത്തെ വിളിക്കു് കാററു വരും. രണ്ടാമത്തേതിനു കാർമേഘം വരും. മൂന്നാമത്തേതിനു് ഇടിയും മിന്നലും വരും. നാലാമത്തേതിനു മഴയും വരും. പക്ഷെ ഞാൻ അഞ്ചാമതൊന്നുകൂടി വിളിക്കും. അപ്പോൾ മഴ നില്ക്കും."

പത്തു കോൽ പൊക്കത്തിൽ കെട്ടിയ പൂജാവേദിയിലേക്കു് ചിരഞ്ജീവി കയറി പൂജ തുടങ്ങി. വേദി കൊടിതോരണങ്ങൾ കൊണ്ടും സുഗന്ധസാമഗ്രികൾ കൊണ്ടും ദീപങ്ങൾ കൊണ്ടും അലങ്കരിച്ചിരുന്നു. വാൾ ഊരി കൈയ്യിൽ പിടിച്ചു കൊണ്ടു് കത്തിച്ച കർപ്പൂര ദീപത്തോടുകൂടി അദ്ദേഹം ഒരു മന്ത്രം ചൊല്ലി. കൈയ്യിലിരുന്ന ഫലകത്തിൽ നിന്നു് ഒരു ശീൽക്കാരം കേട്ടു തുടങ്ങി. അതോടുകൂടി കാററു വീശിയടിക്കാൻ തുടങ്ങി. ഇതുകണ്ട മണലി പറഞ്ഞു, "ഇതു നല്ല കളിയല്ല." കുരങ്ങൻ മണലിയോടു് ആജ്ഞാസ്വരത്തിൽ പറഞ്ഞു, "നീ അടങ്ങിയിരിക്കു്. ഇവിടത്തെ കാര്യമൊക്കെ ഞാൻ നോക്കിക്കൊള്ളാം".

ഉടൻ തന്നെ കുരങ്ങൻ ആകാശത്തേക്കു് ഉയന്നു. അവിടെ ചെന്നു് ആക്രോശിച്ചു, "ആർക്കാണു് ഇവിടെ കാററിനെ അയക്കു

Chathayam Greetings!

★

# PREMIER RESTAURANT

## BOARDING & LODGING

S. N . COLLEGE Jn. QUILON.

★

**FOR DELICIOUS DISHES**
**&**
**MARRIAGE AND OTHER PARTIES**

Phone: 1022

KALIDASA KALA KENDRAM,
PATTATHANAM, QUILON.

# KERALA NUT FOOD CO.,

## EXPORTERS OF

★

**CASHEW KERNELS**
**CASHEWNUTS SHELL LIQUID, COFFEE**
**P.O. BOX NO. 80, PARAMESWAR NAGAR,**
**QUILON-691 001, S. INDIA.**

⇐ ↔

Codes Used:

Bentely's Second Phrase
Acme and Private

Phone: Office: 3776, 3777, 3778

Telex: 0886-203 KNF IN
0886-263 PFPL IN

ന്നചുമതല?'' ഉടനെ ഒരു വയസ്സിത്തള്ള ഓടിവന്നു. അവരോടു കുരങ്ങൻ, ''നിങ്ങൾ ഞങ്ങളെ സഹായിക്കാതെ അവരെ സഹായിക്കുന്നതെന്തിന്നാണ്? ആ കാററിനെ തിരിയെ വിളിക്കൂ.'' കാററ് ഉടൻ തന്നെ നിലച്ചു.

പൂജാവേദിയിലെ ചിരഞ്ജീവി ഒരു മന്ത്രം ചൊല്ലിക്കൊണ്ടു തറയിൽ ആഞ്ഞടിച്ചു. ആകാശം മേഘാവൃതമായി. കുരങ്ങനും വിട്ടില്ല. ''ആരാണ് കാററിന്റെ ചുമതലക്കാരൻ?'' മേഘബാലൻ ഓടിയെത്തി. ''മേഘത്തെ തിരിയെ വിളിക്കൂ.'' മേഘം അപ്രത്യക്ഷമായി.

ചിരഞ്ജീവി തന്റെ വാളിൽ ചാരി നിന്നുകൊണ്ടു് മുടിയഴിച്ചിട്ടു. കൈയ്യിലെ ഫലകത്തിൽ ഒരടിയടിച്ചു. ഇടിയുടെയും മിന്നലിന്റെയും ദേവതമാർ ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. അവർ, കുരങ്ങനോടു പറഞ്ഞു, ''സ്വർഗ്ഗാധിപന്റെ ആജ്ഞയാണ്, കൊടുങ്കാററുണ്ടാക്കണമെന്നു്.'' കുരങ്ങൻ പറഞ്ഞു,'' അതു ശരി, എനിക്കു വേണ്ടതു് നിങ്ങൾ അതു അല്പസമയത്തേയ്ക്കു അടക്കിവെയ്ക്കുക മാത്രമാണ്''. ഇടി മുഴങ്ങിയില്ല. മിന്നൽ വീശിയുമില്ല. ചിരഞ്ജീവി ആകെ വിഷമത്തിലായി.

കുരങ്ങൻ ദേവന്മാരോടു പറഞ്ഞു, ''ഞാൻ പറയുന്നതുപോലെ നിങ്ങൾ ചെയ്തുകൊള്ളണം. എന്റെ വടി ഒരു പ്രാവശ്യം ചുഴററുമ്പോൾ കാററടിക്കണം. രണ്ടാമത്തെ പ്രാവശ്യം ചുഴററുമ്പോൾ മേഘം വരണം. മൂന്നാം പ്രാവശ്യം ചുഴററുമ്പോൾ ഇടിയും മിന്നലും വരണം. നാലാമതു ചുഴററുമ്പോൾ പേമാരി പെയ്യണം.''

ആകെ വശം കെട്ട ചിരഞ്ജീവി പൂജാവേദിയിൽ നിന്നു് താഴെയിറങ്ങി.

കുരങ്ങൻ ത്രിപിടകനോടു പറഞ്ഞു, ''ഇപ്പോഴാണ് അങ്ങ് എന്നെ സഹായിക്കേണ്ടതു്. അങ്ങ് പൂജാവേദിയിൽ കയറി മന്ത്രം ചൊല്ലിക്കൊണ്ടിരുന്നാൽ മതി.''

കുരങ്ങൻ തന്റെ ചെവിയുടെ പിന്നിൽ നിന്നു് സൂചി വലിച്ചെടുത്തു വലുതാക്കി. സൂചി രണ്ടടി നീളമുള്ള ഒരു വടിയായി. അതു് ആകാശത്തിനു നേരേ ചുഴററി. ഉടനെ നഗരം മുഴുവൻ കാററു വീശിയടിച്ചു. ഓടുകളും കട്ടകളും കല്ലുകളും ഒക്കെ പറന്നു നടക്കാൻ തുടങ്ങി. അവൻ വടി വീണ്ടും ചുഴററി. ആകാശം മേ

ഘാവൃതമായി. കൊട്ടാരം പോലും കാണാനാവാത്തവണ്ണം അന്തരീക്ഷം കറുത്തിരുണ്ടു. അവൻ വീണ്ടും വടി ചുഴററി. ചെവിയടഞ്ഞുപോകത്തക്കവണ്ണമുള്ള ഇടിമുഴക്കമുണ്ടായി. കണ്ണഞ്ചിപ്പോകുന്ന മിന്നൽപ്പിണരുകളുണ്ടായി. അവൻ നാലാമതും വടി ചുഴററി. പേമാരി ചൊരിയാൻ തുടങ്ങി. മഞ്ഞനദി മുഴുവൻ ആകാശത്തു നിന്നു താഴെ വീണെന്നു തോന്നി, മഴയുടെ ഊക്കു കണ്ടിട്ട്. നഗരം മുഴുവൻ വെള്ളത്തിനടിയിലായി. കുരങ്ങൻ അഞ്ചാമതൊന്നു വടി ചുഴററി കൊടുങ്കാററും പേമാരിയും നിലച്ചു. ആകാശം തെളിഞ്ഞു.

രാജാവിനു സന്തോഷമായി. അപ്പോഴേക്കും ഹരിണബലൻ വീണ്ടും രാജാവിനെ സമീപിച്ച് തൻെറ മന്ത്രവിദ്യ ഫലിക്കാത്തതിനു് ഓരോ ന്യായം പറയാൻ തുടങ്ങി. അതു കേട്ട് രാജാവ് വീണ്ടും ആശയക്കുഴപ്പത്തിലായി. അപ്പോൾ കുരങ്ങൻ മുന്നോട്ടു വന്നിട്ടു പറഞ്ഞു, "മഹാരാജാവേ, ഞാൻ കാണിച്ച ജാലവിദ്യ അത്ര കാര്യമാക്കാനുള്ളതല്ല. എൻെറ ആജ്ഞാനുവർത്തികളായ നാലു വ്യാളിരാജന്മാർ ആകാശത്തു നില്ക്കുന്നുണ്ട്. അവരെ കാണാൻ തിരുമനസ്സിനും ആഗ്രഹമുണ്ടാകുമല്ലോ?"

രാജാവാകട്ടെ അതുവരെ വ്യാളിയെ കണ്ടിട്ടേയില്ല. പിന്നെയെങ്ങനെ ആഗ്രഹമുണ്ടാകാതിരിക്കും? കുരങ്ങൻ ഉടനെ ആകാശത്തേക്കു നോക്കി വിളിച്ചു, "ആരവിടെ?" ഉടനെ നാലു വ്യാളിരാജന്മാരും വെൺമേഘപാളികൾക്കിടയിൽ കൂടി ഇറങ്ങി വന്നു. രാജാവും മന്ത്രിമാരും താഴെ വീണു് ദണ്ഡനമസ്കാരം ചെയ്തു.

കുരങ്ങൻ പറഞ്ഞു. "ഇനി നിങ്ങൾക്കു പോകാം." വ്യാളിരാജന്മാർ അപ്രത്യക്ഷരായി.

(തുടരും)


# SANTHOSH ELECTRONICS
## PUTHENCHANDA
VARKALA Phone: 313

Consultants and repair agencies for all electronic apparatus like Tape Recorders, Radios, Stereo Systems, Stabilisers, Calculators etc.

We undertake efficient repair of all electronic systems at the lowest rates and minimum most time limits:

Your satisfaction is our motto:

Also for sale- Transistors, Radios, Tape Recorders of latest models

# ധ്യാനവിഷയം

## നവമഞ്ജരി

### നാരായണഗുരു

തണ്ടാരിൽമാനിനിയിലുണ്ടായ മാരനുമു-
  രുണ്ടായിരം ചുവടിനു-
ള്ളുണ്ടാതിരിപ്പതിനു കണ്ടാലെവനു മന-
  മുണ്ടാകയില്ല തവ മെയ്
തെണ്ടാതിരിപ്പവനിലുണ്ടാകയില്ല ശിതി-
  കണ്ഠാദിദേവകൃപയും
വീണ്ടാവി നിന്നടിയനുണ്ടാകുമാറു കൃപ
  യുണ്ടാകണം മുരുകനേ!

| | | |
|---|---|---|
| തവമെയ് കണ്ടാൽ | = | നിന്റെ ദിവ്യസ്വരൂപം ദർശിച്ചാൽ |
| തണ്ടാരിൽ മാനിനിയിലുണ്ടായ മാരനും | = | ലക്ഷ്മീദേവിയിൽ നിന്നു ജന്മമെടുക്കാനിടയായ (ഐശ്വര്യത്തിൽ നിന്നു ജനിക്കുന്ന) കാമനും |
| ഉരുണ്ട് | = | വീണുരുണ്ടു പോയി |
| ആയിരം ചുവടിനുള്ളുണ്ടാതിരിപ്പതിന് | = | ആയിരം ചുവടിനുള്ളിലെങ്ങും ഉണ്ടാകാതിരിക്കുന്നതിന് |
| എവനു മനമുണ്ടാകയില്ല | = | ആർക്കാണ് വിചാരമുണ്ടാകാത്തത്! |
| തെണ്ടാതിരിപ്പവനിൽ | = | പ്രാർത്ഥിക്കാത്തവരിൽ അഥവാ ഭോഗ്യവിഷയങ്ങളിലുള്ള കാമമെല്ലാം കളഞ്ഞ് എന്നെയും നിന്നെയും പോലെ ഭിക്ഷാന്ദേഹികളായിരിക്കാൻ മനസ്സില്ലാത്തവരിൽ |

ശിതികണ്ഠാദിദേവകൃപ = ശിവൻ തുടങ്ങിയ ദേവന്മാരുടെ
യും ഉണ്ടാകയില്ല. കൃപ ഒരിക്കലും ഉണ്ടാവുകയുമില്ല.

അടിയനുണ്ടാകുമാറ് = ശിതികണ്ഠാദിദേവകൃപ അടിയനു ലഭിക്കത്തക്കവണ്ണം

വിണ്ടാവി (വിൺ താവി) നിന്നു് = ആകാശത്തിൽ ശോഭിച്ചു നിന്നു കൊണ്ടു് (ചിദാകാശത്തിൽ പ്രകാശിച്ചു നിന്നു കൊണ്ടു്)

കൃപയുണ്ടാകണം മുരുകനേ = മുരുകാ, എന്നിൽ കൃപയുണ്ടാകണം.

കാമദേവൻ ലക്ഷ്മീദേവിയിൽ ജനിച്ചവനാണ്. (മനുഷ്യർക്കു് കാമം മൂർച്ഛിക്കുന്നതു് ഐശ്വര്യമുണ്ടാകുമ്പോഴാണ്.) എന്നാൽ നിന്റെ ദിവ്യസ്വരൂപം ദർശിച്ചാൽ, ഈ കാമദേവൻ വീണുരുണ്ടു് ആയിരം ചുവടു് അകലെ പോകണമെന്നാണ് എല്ലാവരും ഇച്ഛിച്ചുപോവുക. നിന്റെ ദിവ്യദർശനമുണ്ടാകണം എന്ന പ്രാർത്ഥനയോടുകൂടി വിരക്തരായി ജീവിക്കാത്തവരിൽ ഒരിക്കലും ശിവൻ തുടങ്ങിയ ദേവന്മാരുടെ കൃപ ഉണ്ടാവുകയില്ല. ആ കൃപ അടിയനു ലഭിക്കത്തക്കവണ്ണം, മുരുകാ, നീ അനുഗ്രഹിക്കണം.

സൂചനകൾ:

1. ഐശ്വര്യമാണ് കാമത്തിന്റെ പ്രഭവസ്ഥാനം.
2. വിഷയവിരക്തിയുണ്ടാകുന്നതു് പരമമായ ആനന്ദം ലക്ഷ്യമായി മുന്നിൽ കാണുമ്പോൾ മാത്രമാണ്.
3. അഹന്തയെ നിശ്ശേഷം ത്യജിക്കുമ്പോൾ അനുഭവപ്പെടുന്ന ആനന്ദം തന്നെയാണ് ദൈവകൃപ.

★

ചതയദിനാശംസകൾ!
സന്ദർശിക്കുക!
# ഭാരത് ഹാൻഡ്‌ലൂംസ്
മൈതാനം, വർക്കല
ഖദർ തുണിത്തരങ്ങൾ!
ബാലരാമപുരം
കൈത്തറി തുണിത്തരങ്ങൾ!

# ഗുരുകുല വാർത്തകൾ

## ഗുരു നിത്യചൈതന്യ യതി

സിംഗപ്പൂർ ഗുരുകുലത്തിൽ നടക്കുന്ന ഗുരുജയന്തി ആഘോഷങ്ങളിൽ പങ്കെടുത്തശേഷം സെപ്റ്റംബർ 16-ന് മദ്രാസിലെത്തുന്ന ഗുരു അവിടെ നിന്നു് ഡൽഹിക്കു പോകുന്നതും ഒക്ടോബർ 5-ന് ഊട്ടി ഗുരുകുലത്തിൽ എത്തുന്നതുമാണു്.

## ഊട്ടി ഗുരുകുലത്തിലെ ഗുരുജയന്തി

ഊട്ടി ഗുരുകുലത്തിൽ വച്ചു് ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച ഗുരുജയന്തി ആഘോഷിക്കുന്നതാണു്.

## ഗുരുകുലം മാസിക

സെപ്റ്റംബർ, ഒക്ടോബർ ലക്കങ്ങൾ ചേർത്താണു് ഗുരുജയന്തിപ്പതിപ്പായി പ്രസിദ്ധീകരിക്കുന്നതു്. അടുത്ത ലക്കം നവംബറിലാണു് പ്രസിദ്ധീകരിക്കുന്നതു്.

ഇംഗ്ലീഷ് മാസിക ഒക്ടോബർ മുതൽ അമേരിക്കയിലെ പുതിയ ഗുരുകുലത്തിൽ നിന്നു പ്രസിദ്ധീകരിച്ചു തുടങ്ങാനുള്ള സജ്ജീകരണങ്ങൾ നടക്കുകയാണു്.

## ഗീതാവ്യാഖ്യാനം

ഗുരു നിത്യചൈതന്യ യതി രചിച്ച ഭഗവദ്ഗീതാ വ്യാഖ്യാനം സെപ്റ്റംബർ 4-ാംതിയതി തിരുവനന്തപുരം തീർത്ഥപാദമണ്ഡപത്തിൽ വച്ചു് ശ്രീ ശൂരനാട്ടു് കുഞ്ഞൻപിള്ളയുടെ അദ്ധ്യ

ക്ഷേത്രയിൽ ചേരുന്ന യോഗത്തിൽ വച്ച് കേരളാ ഗവർണ്ണർ ശ്രീമതി ജ്യോതി വെങ്കടചെല്ലം പ്രകാശനം ചെയ്യുന്നതാണ്. അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി ഗ്രന്ഥത്തിൻെറ കോപ്പി സ്വീകരിക്കും. സർവ്വശ്രീ ആർ. രാമചന്ദ്രൻ നായർ, വി. കൃഷ്ണമൂർത്തി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തും.

**വിനായകാഷ്ടകം**

നാരായണഗുരുവിൻെറ 'വിനായകാഷ്ടകം' എന്ന സ്തോത്രത്തിന് ഗുരു നിത്യചൈതന്യയതി എഴുതിയ വ്യാഖ്യാനത്തിൻെറ രണ്ടു പതിപ്പു പ്രസിദ്ധീകരിച്ചിരിക്കുന്നു. 4-രൂപയാണ് വില വച്ചിട്ടുള്ളത്.

"ചേതയദിനാശംസകൾ!"

★ ആകർഷണീയമായ ഫോട്ടോകൾക്ക് ★

സന്ദർശിക്കുക!

ന്യൂ സ്ററുഡിയോ

മൈതാനം, വർക്കല

ഗുരുകുല പ്രസിദ്ധീകരണങ്ങൾ

നിങ്ങളുടെ വീട്ടിൽ!

പുസ്തകത്തിൻെറ വില മാത്രം മണി ഓർഡർ അയക്കുക. രജിസ്റ്റർ ചെയ്യാത്ത ബുക്പോസ്റ്റായി പുസ്തകം നിങ്ങളുടെ വീട്ടിൽ കിട്ടും. രജിസ്റ്റർ ചെയ്തയക്കണമെന്നുണ്ടെങ്കിൽ 2 രൂപ 25 പൈസ അധികം അയക്കുക. സൗജന്യ കാററലോഗിന് എഴുതുക.

മാനേജർ
നാരായണഗുരുകുലം
ശ്രീനിവാസപുരം P.O
കേരള 695145

# മിഴിനീർക്കടൽ

**സൗമിത്രൻ**

ഒരു ചെറുകണമണുമാതിരിയൊരു കണ-
മൊരു ജലകണമൊരു നീർക്കണം.
ഒരു മിഴിനീർക്കണമാമലതന്നുടെ-
യുള്ളിലുറഞ്ഞു വിതുമ്പിയ നീർക്കണ-
മൊരു ചെറുനീർക്കണമീ ഞാൻ.

ചാലുകൾ, നീർചാലുകൾ തീർക്കും വഴികൾ,
പലപല ജലകണമൊഴുകി-
യൊരുക്കിയ ചാലുകൾ, അവകളിലൊന്നീ-
ലൊരു നീർക്കണമാം ഞാനിന്നിപ്പോ-
ളൊഴുകുകയണൊരു നീർചാൽ ഞാൻ.

തോടുകൾ, കുട്ടിക്കളിയുടെ കുസൃതികൾ-
നിറയും തൊടുവകൾ, കെട്ടിമറിഞ്ഞാർത്തു
ചിരിക്കും പലപല തോടുകളവകളിലൊന്നീ-
ലൊരു ചെറുചാലാം ഞാനിന്നിപ്പോ-
ളൊഴുകുകയാണൊരു തോടായ് ഞാൻ.

അരുവികൾ, കരകൾ കുത്തിമറിച്ചു-
മൊഴുക്കു നിറഞ്ഞോരരുവികൾ.
പലപലയരുവികളവകളിലൊന്നീ-
ലൊരു ചെറുതോടാം ഞാനിന്നിപ്പോ-
ളൊഴുകുകയാണൊരരുവിയതായ്.

പുഴകൾ, ഉരുളൻകല്ലുകളാകെയുരുട്ടും-
നദികൾ, വളവും ഫലവും തീരത്തേകും-
പലപല പുഴകളവകളിലൊന്നീ-
ലൊരു കൊച്ചരുവിയതാം ഞാനിപ്പോ-
ളൊഴുകുകയാണൊരുപുഴയായ് ഞാൻ.

Phone: 265

Best Compliments

# SAI FASHION CENTRE

ATTINGAL

K. N. Chakrapani M.I.A.P.
Physiotherapist
(C.O.H. Bombay)

With Best Compliments Of

# MATHEVAN MEDICAL STORES

CHENTHITAI
TRIVANDRUM-23

Phone: 63437
Res: 2461

# HOTEL SUDARSAN

## Parameswar Nagar

QUILON

**With all modern facilities, Channel Music, Air-Conditioned Restaurant, Conference Room and Mini Auditorium.**

Phones: (3755, 3756) Gram: COMFORT
Telex: 0886-292 HSN

കടൽ, ആർത്തികൾ തീരാത്തലയാഴികൾ,
കരയിൽ ചത്തുമലന്നു പുനർജ്ജീവിക്കു–
ന്നലമാലകൾ, പലപലയലകളവകളിലൊന്നീ–
ലൊരു ചെറുപുഴയാം ഞാനിന്നിപ്പോ–
ളൊഴുകുകയാണൊരു കടലായ് ഞാൻ.

കടലായ്–ഒരു ചെറുകണമാം ഞാനൊരു
പുഴയായ്, തുള്ളിയുറഞ്ഞു തുളുമ്പും
കടലാ–യെങ്കിലുമെന്നുള്ളത്തിന്നാഴ–
ത്തിൽ ഞാനൊരു ചെറുകണമാ–
ണതു മതി, കടലാം ഞാനൊരു മിഴിനീർ!

HOTEL MRISHTANNA
(Pure Vegetarian)
★
CHINNAKADA
QUILON-691001
★
604

**Dr. P. Natarajan (നടരാജഗുരു)**
**M.A, D. Litt, L.T. M.R.S.T.,**
**Fernhill,**
**Nilgiris.**

The Sri Narayana Gurukula,
Fernhill, Nilgiris,
23rd, October 1940.

Dear Vaidyar,

I am very glad to learn that you have now set up independent practice of indigenous medicine at Irinjalakuda. For the past several years I have been watching your career as one of the assistants of Sri. Ramananda Swamikal of Trichur. You have put in many years of patient discipleship and study in both Ayurvedic and Siddha Systems and I am sure your knowledge of the Theoretical and Practical aspects coupled with your other good qualities will soon raise you to the status of a useful and respected member of your profession. I wish you all success.

Natarajan,
Head of the Gurukula

---

S.V.PRODUCTS, H.O. IRINJALAKUDA
**Famous** Manufactures of
"CHANDRIKA AYURVEDIC TOILET SOAP"

# Kerala Kaumudi – the largest-circulated single edition Malayalam newspaper*

Most of the big publications in India are from the capital cities. So also is Kerala Kaumudi, which has been the only leading daily from Trivandrum since 1940. This daily of the masses has grown with the State through the eventful years that followed. Socially, culturally, politically and otherwise Kerala Kaumudi has become South Kerala's rallying point.

It is a welcome move that Mathrubhumi has recognised the importance of being published from the capital and they have come to Trivandrum. But Kerala Kaumudi remains to be the spirit of the people and No. 1 from the capital.

# welcomes Mathrubhumi to the capital of Kerala

Kerala Kaumudi is No. 1 in more ways than one:

**No. 1 in circulation**

With an all-time high circulation of 1,75,000 copies Kerala Kaumudi scores well above other newspapers published from Trivandrum.

In fact, it has been officially recognised as the largest-circulated single edition Malayalam newspaper.

**No. 1 in readership**


With a massive readership of more than 20 lakhs, Kerala Kaumudi is the most popular news daily in the Southern Districts.

**No. 1 in coverage**

In covering the capital and its environs, Kerala Kaumudi excels with its effective network of newsmen and communication facilities. No other newspaper devotes so much space for news from this area as does Kerala Kaumudi. It is also widely acclaimed that Kerala Kaumudi always scores in faster and in-depth reporting of all events all over the country.

The first newspaper in South India to install a computer and the first in India to establish a selective calling unit attached to the Trivandrum-Madras-Bombay-New Delhi teleprinter line which facilitates usage of trunk lines for simultaneous collection of news from several centres, Kerala Kaumudi has a string of achievements to its credit.

And with the expansion programme on the anvil, Kerala Kaumudi is all set to be still a greater and stronger force to reckon with. And soon the Kerala Kaumudi moon will be lighting up the whole Kerala scene.



KERALA KAUMUDI

Pettah
P. B. No. 77
Trivandrum-695 024
Telegram: Kaumudi
Phone: 62020
Telex: 0884-214

* As reported by the Registrar of Newspapers in "Indian Newspapers 1979"

FDS. KK. 928

Vol. XVIII 6, 7 GURUKULAM Sept., Oct. 1981
Reg. No. RN. 16974/68
KL/TV/(N)/19 GURUJAYANTI SPECIAL

കേരളത്തിലെ വ്യവസായവൽക്കരണത്തിൽ

# വെയർഹൗസിംഗ് കോർപ്പറേഷൻ

മുൻപന്തിയിൽ

★ ★ ★ ★

രാജ്യത്തുടനീളം സുസജ്ജമായ 70-ഓളം ശാസ്ത്രീയ സംഭരണശാലകൾ. കാർഷികോൽപന്നങ്ങളുടേയും വ്യാവസായികോൽപന്നങ്ങളുടേയും, ഷിപ്പിംഗ് ക്ലിയറൻസ്, റെയിൽവേ ക്ലിയറൻസ്, ട്രാൻസ്പോർട്ടേഷൻ, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും കോർപ്പറേഷൻ ഏററെടുത്തു നടത്തി വരുന്നു.

കാർഷികോൽപന്നങ്ങൾ, വ്യാവസായികോൽപന്നങ്ങൾ എന്നിവ സൂക്ഷിക്കുന്നതിന് ഒന്നര ലക്ഷത്തിലേറെ മെട്രിക് ടൺ സൂക്ഷിപ്പു സൗകര്യങ്ങൾ.

ഗവൺമെൻറു സ്ഥാപനങ്ങൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കും പ്രത്യേക പരിഗണനകൾ.

കേരള സംസ്ഥാന വെയർഹൗസിംഗ് കോർ[illegible]
പി. ബി. നംബർ: 1727
കൊച്ചി-682016
☎ 39527/39269

ഗുരുജയന്തിപ്പതിപ്പ്

# ഗുരുകുലം

ദാർശനികമാസിക

